മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 09 No. 08 | THE ONLINE OFFICIAL NEWS BULLETIN | 2026 February 19

SEASON OF THE GREAT LENT ☙ വലിയ നോമ്പുകാലം

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
22	23	24	25	26	27	28
2	6	2	6	2	6	2
Garbo (Leper) 2nd Sunday of Great Lent	Comme. of St. Policarp; 92nd Comme. of St. Dionysius (Kottayam Old Seminary); 18th Mem. of Thomas Mar Makarios (Devalokam Aramana)	Comme. of Apostle St. Mathew the Evangelist				



കോട്ടയം പഴയസെമിനാരിയിൽ ശുബുക്കോനോ ശുശ്രൂഷയ്ക്കു പ. കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



കണ്ടനാട് ഭദ്രാസന ശതോത്തര കനക ജൂബിലിയും ഭദ്രാസന ദിനാഘോഷവും കുടുംബസംഗമവും പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു..



Geevarghese Mar Philoxenos presented the award to Aaron George Varghese, acknowledging his outstanding contribution to the ICC U19 Cricket World Cup winning team. This recognition was given by the Bangalore Diocese on 15 Feb during the Logos'26 Convention at St. Andrews Orthodox Valiyapally.



ഓർത്തഡോക്സ് ആരാധനാ ചിത്രങ്ങളും ഐക്കണുകളും ഉൾക്കൊള്ളുന്ന ഫാ. റിജോ ഗീവർഗീസിന്റെ 'മനനം' ചിത്രപ്രദർശനം കോട്ടയം പബ്ലിക് ലൈബ്രറിയിലെ കാനായി കുഞ്ഞിരാമൻ ആർട്ട് ഗാലറിയിൽ പരിശുദ്ധ ബാവാ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ അഭിവന്ദ്യ ഡോ. ഗീവർഗീസ് മാർ യൂലിയോസ്, ഫാ. ഡോ. കെ. എം. ജോർജ്, ഏബ്രഹാം ഇട്ടിച്ചെറിയ എന്നിവർ സന്നിഹിതരായിരുന്നു. ഫെബ്രുവരി 28 വരെ എല്ലാ ദിവസവും രാവിലെ പത്തു മുതൽ വൈകിട്ട് ആറു വരെ പൊതുജനങ്ങൾക്ക് പ്രദർശനം സന്ദർശിക്കാം. ഞായറാഴ്ച്ചകളിലും പ്രദർശനം ഉണ്ടായിരിക്കും.



ചെങ്ങന്നൂർ ഓർത്തഡോക്സ് കൺവൻഷൻ പ. കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു. ഭദ്രാസന മെത്രാപ്പോലീത്താ ഡോ. മാത്യൂസ് മാർ തീമോത്തിയോസ് സമീപം.



കെയർ ആൻഡ് ഷെയർ ഇന്റർനാഷണൽ ഫൗണ്ടേഷൻ 16-ാം വാർഷികം പരിശുദ്ധ കാതോലിക്കാ ബാവാ ഉദ്ഘാടനം ചെയ്യുന്നു.

പ. ഗീവർഗീസ് രണ്ടാമൻ ബാവായുടെ ഡയറിക്കുറിപ്പുകൾ (1958)

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

21-4-58. തിങ്കൾ. രാവിലെ എഴുന്നേറ്റു പള്ളിയിൽ പോയി. നമസ്ക്കാരം കഴിഞ്ഞ് പത്രം വായിച്ചു. മരുന്ന് ഇന്നും കുത്തി വച്ചു (ഇൻസുലിൻ). എം.ജി.എം. ഹെഡ്മാസ്റ്ററുടെ പേർക്ക് കുരിശുംമൂട്ടിൽ പാപ്പിയുടെ കൊച്ചുമകനെ ആ സ്കൂളിൽ എടുക്കുന്നത് നല്ലതാണെന്നു എഴുതിക്കൊടുത്തയച്ചു. കുറിച്ചിയിൽ നിന്നും നമ്മുടെ ചേട്ടന്റെ മകനും കൊച്ചുമകനും വന്നു കണ്ടു. മതാപാറപ്പള്ളിയിൽ ചൊല്ലുന്ന മാത്യൂസ് കത്തനാർ വന്നിരുന്നു. മാനേജരച്ചൻ പുലിക്കുട്ടിശ്ശേരിലച്ചൻ ഇവർ വന്ന് ചാലാശ്ശേരിയിലച്ചന്റെ കന്തീലാ വെള്ളിയാഴ്ച നടത്തുന്നതിന് നിശ്ചയിച്ച വിവരവും നാം ചെല്ലണമെന്നും അറിയിച്ചു. നാം വെള്ളിയാഴ്ച പോകാമെന്നു സമ്മതിച്ചു. ശരീരസുഖമുണ്ടെങ്കിൽ എന്ന് പറഞ്ഞിട്ടുണ്ട്. മാത്തൻ തരകൻ, ചേപ്പാട് ഐ. ശമുവേൽ ഇവരും വന്നു കണ്ടു. ഇന്ന് ആരോഗ്യസ്ഥിതി നന്നായിരുന്നു. എങ്കിലും തണുപ്പുകൊണ്ട് അല്പം ചുമ പിടിപെട്ടിരുന്നു. രാത്രി ഒമ്പതര മണിക്ക് ഉറങ്ങി.

22-4-58. ചൊവ്വ. രാവിലെ 5 മണിക്ക് എഴുന്നേറ്റു പള്ളിയിൽ പോയി നമസ്ക്കരിച്ചു. മരുന്നുകൾ മൂന്നും ഇന്നു കുത്തിവച്ചു. നമുക്ക് ഒരു ചെറിയ ജലദോഷമുണ്ടായിരുന്നു. അല്പം ഹോമിയോപ്പതി മരുന്നു കൂടി കഴിച്ചു. പരുമല സെമിനാരി മാനേജർ നമ്മെ വന്നു കണ്ടു. നാം അരമനയിൽ തന്നെ ആയിരുന്നു. തോമായെ അവന്റെ വീട്ടിൽ പോകുവാൻ അനുവദിച്ചു. അവന്റെ വീട്ടുകാര്യങ്ങൾ എന്തോ ക്രമപ്പെടുത്താൻ ഉണ്ടെന്ന് നമ്മോട് പറഞ്ഞതനുസരിച്ചു വിട്ടു. ഇന്നു 9 മണിക്ക് നാം ഉറങ്ങി.

23-4-58. ബുധൻ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. പള്ളിയിൽ പോയി നമസ്ക്കരിച്ചു. ആരോഗ്യസ്ഥിതി പൊതുവെ നന്നായിരുന്നു. കുണ്ടറ സെമിനാരി മാനേജരച്ചനും, കുണ്ടറ, മുഖത്തല, മരണം സംഭവിച്ച കത്തനാരുടെ മൂത്ത മകനും നമ്മെ വന്നു കണ്ടു. അച്ചന്റെ മകൻ ഉടനെതന്നെ തിരികെ പോകയും ചെയ്തു. നല്ലില ദാനിയേൽ കത്തനാർ നമ്മോട് അയാളുടെ പള്ളിയുടെ കൂദാശ നടത്തിക്കൊടുക്കണമെന്നാവശ്യപ്പെടുകയും നാം ആദ്യം വിസമ്മതിക്കുകയും ചെയ്തു. ആയതു നമ്മുടെ സൗകര്യത്തെ ഉദ്ദേശിച്ച് മേയ് മാസം അഞ്ചാം തീയതിയാണെന്നറിയിച്ചു. കൂടാതെ കാരൂർ പള്ളി വികാരി പി. റ്റി. മാത്യൂസ് കത്തനാർ (നാരങ്ങാനത്തുകാരൻ) ഈ മാസം 30 - മേയ് 1 നാം ആ പള്ളിയിൽ ഉണ്ടായിരിക്കണമെന്നും നാം തന്നെ അതിന്റെ കൂദാശ നടത്തിക്കൊടുക്കണമെന്നും നിർബന്ധിച്ചതു നാം മുമ്പ് സമ്മതിച്ചതനുസരിച്ച് ശരീരസുഖമുണ്ടെങ്കിൽ അവിടെ പോയി നടത്തിക്കൊടുക്കാമെന്ന് സമ്മതിച്ച് അയാൾ തിരികെ പോയി. പാറമേൽ കുറിയാക്കോസ് അച്ചന്റെ പേർക്കും ചെമ്മണ്ണൂർ കത്തനാരുടെ പേർക്കും അവരയച്ച കത്തിന് മറുപടിയും 40-ഉം 41-ഉം നാൾ കല്പനകൾ അയച്ചു. 10 മണിക്കു സുഖമായി ഉറങ്ങി.

24-6-58. വ്യാഴം. ദേവലോകം അരമനയിൽ തന്നെയായിരുന്നു. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം 6 മണിക്ക് തീർന്നു. കോശി ശെമ്മാശ്ശൻ അയാളുടെ വീട്ടിൽ പോകുവാൻ നമ്മോട് ചോദിച്ചുകൊണ്ടു പോയി. കുണ്ടറ ഹെഡ്മാസ്റ്റർ ജേക്കബ് കത്തനാർ ഇവിടെ വന്നിരുന്നു. സ്കൂൾ കാര്യം നമ്മെ അറിയിച്ചു. തോമ്മാ ഇവിടെ ഇല്ലായിരുന്നു. ഇന്നു നാം തനിയെ തേച്ചുകുളി നടത്തി. കുളി കഴിഞ്ഞപ്പോൾ നമുക്ക് ഒരു പരവേശം തോന്നി. തലകറക്കം തോന്നി. അല്പം സമയത്തേക്ക് ഉണ്ടായിരുന്നു. ഇൻസുലിൻ കൂടുതലായതുകൊണ്ടാണെന്നു തോന്നുന്നു. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി. ഇന്നു ശമുവേൽ ശെമ്മാശ്ശൻ വീട്ടിൽ നിന്നും വന്നു.

25-4-58. വെള്ളി. രാവിലെ 4 മണിക്കു നാം എഴുന്നേറ്റു. നമസ്ക്കാരത്തിനു



ശേഷം അരമനയിൽ വിശ്രമിച്ചു. ഉച്ചയ്ക്കുശേഷം രണ്ടു മണിക്ക് കല്ലുങ്കത്തറ നമ്മുടെ ചാപ്പലിൽ പോയി. ചാലാശ്ശേരി കത്തനാർക്ക് കന്തീലാ ശുശ്രൂഷ നടത്തി. മല്പാൻ യോഹന്നാൻ കത്തനാർ, മാനേജർ ജേക്കബ് കത്തനാർ, മണലിൽ യാക്കോബ് കത്തനാർ, ഈവാനിയോസ് മെത്രാച്ചൻ, മറ്റനേകം പട്ടക്കാരും ഈ ശുശ്രൂഷയിൽ സംബന്ധിച്ചു. ശുശ്രൂഷാമദ്ധ്യേ ഒരു അസുഖം തോന്നി. വയറ്റിൽ നിന്നും ഒഴിയാതിരുന്നതുകൊണ്ട് ആണ് അപ്രകാരം തോന്നിയത്. അതുകൊണ്ട് അവിടെ വച്ച് കക്കൂസിൽ പോകേണ്ടതായി വന്നു. ശുശ്രൂഷ രണ്ടര മണിക്ക് ആരംഭിച്ചു. 5 മണിയോടു കൂടി അവസാനിച്ചു. നാം ഉടനെതന്നെ ചാലാശ്ശേരിൽ കത്തനാരുമായി അല്പം വർത്തമാനം പറഞ്ഞിട്ട് തിരികെ മടങ്ങി. അരമനയിൽ നമസ്ക്കാരം, ഭക്ഷണം, സൂത്താറ ഇവയ്ക്കുശേഷം സുഖമായി ഉറങ്ങി.

26-4-58. ശനി. ദേവലോകം അരമനയിലും തിരുവല്ലാ ബഥനി അരമനയിലും. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരത്തിനു പള്ളിയിൽ പോയി. മരുന്നുകൾ നമ്മെ കോശി ശെമ്മാശ്ശൻ കുത്തിവച്ചു. 11 മണിയോടു കൂടി ദീവന്നാസ്യോസ് മെത്രാച്ചൻ തിരുമൂലയിൽ വച്ചു നടക്കുന്ന സ്റ്റുഡൻസ് കോൺഫറൻസിന്[100] നമ്മെ കൊണ്ടുപോകുവാൻ വന്നു. നാം മെത്രാച്ചനുമൊന്നിച്ച് 4 മണിയോടു കൂടി തിരുമൂലയ്ക്ക് യാത്ര പുറപ്പെട്ടു. തിരുവല്ലായിൽ ഒരു വമ്പിച്ച സ്വീകരണവും ഘോഷയാത്രയും തിരുവല്ലായിൽ നിന്നും തിരുമൂല പള്ളി വരെ ഉണ്ടായിരുന്നു. തിരുമൂല ബാലികാമഠം സ്കൂൾ ചാപ്പലിൽ സന്ധ്യാനമസ്ക്കാരം നടത്തി. ദീവന്നാസ്യോസ് മെത്രാച്ചൻ, മാർ ഒസ്താത്തിയോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നീ മെത്രാച്ചന്മാരും ഉണ്ടായിരുന്നു. നമസ്ക്കാരശേഷം ദീവന്നാസ്യോസ് മെത്രാച്ചനുമൊരുമിച്ച് നമ്മുടെ കാറിൽ ബഥനി അരമനയിൽ എത്തി. അവിടെ ഭക്ഷണം കഴിച്ച് ഉറങ്ങി.

27-4-58. ഞായർ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. ലിലിയോയുടെ നമസ്ക്കാരശേഷം ബഥനി പള്ളിയിൽ നിന്നും തിരുമൂല ഇടവക പള്ളിയിൽ എത്തി നാം അവിടെ വി. കുർബാന ചൊല്ലി. നമ്മോടു കൂടി ഇന്നലെയുണ്ടായിരുന്ന മെത്രാച്ചന്മാരും ഈവാനിയോസ് മെത്രാച്ചനും കുർബാനയ്ക്കു സംബന്ധിച്ചു. 300-ഓളം വിദ്യാർത്ഥികളും ഇടവകജനങ്ങളും കുർബാനയിൽ സംബന്ധിച്ചു. മൂന്നിന്മേൽ കുർബാനയായിരുന്നു. മാർ പീലക്സിനോസ്, മാർ കൂറിലോസ് എന്നിവർ താഴത്തെ ത്രോണോസിലും കുർബാന ചൊല്ലി. ഉച്ചയ്ക്കു രണ്ടര മണിക്കു യോഗം ആരംഭിച്ചു. നാം അധികം ഒന്നും പറഞ്ഞില്ല. യോഗത്തിന്റെ അവസാനം നല്ല ഒരു മഴ പെയ്തു. എത്യോപ്യയിൽ നിന്നും വന്നിരുന്ന രണ്ട് വിദ്യാർത്ഥികൾക്ക് ഓരോ സമ്മാനം കൊടുത്തു. കണംകൊമ്പു കൊണ്ടുണ്ടാക്കിയ ഈരണ്ട് ആനകളും, ആബൂനാ തെയോഫിലോസിന്[101] ഒരു കുരിശും മില്യൻ കമ്പനിയിൽ നിന്നും വാങ്ങിയത് അവരെ തിരുമൂല വച്ചു ഏല്പിച്ചു. നാം അഞ്ചര മണിയോടു കൂടി തിരികെ അരമനയിലേക്കു പോരുന്നു. തിരുമൂല പള്ളിയിൽ നിന്നും അവർ അമ്പതു രൂപാ കൈമുത്ത് നമുക്ക് തന്നു. 12 രൂപാ പെട്രോളിനും തന്നു. അവരുടെ സർവ്വ പ്രവർത്തനങ്ങളും വളരെ മെച്ചമായിരുന്നു. ഇവിടെ സന്ധ്യാനമസ്ക്കാരം, സൂത്താറാ ഇവക്കുശേഷം 10 മണിയോടു കൂടി ഉറങ്ങി.

28-4-58. തിങ്കൾ. ദേവലോകം അരമനയിൽ. രാവിലെ എഴുന്നേറ്റു. നമസ്ക്കാരശേഷം കാപ്പി കുടിച്ചു. രണ്ടു മരുന്നുകളും ഇന്നു കുത്തിവച്ചു. കോൺഫറൻസിനു വന്നിരുന്ന സായിപ്പു കെന്നത്തു ഷാർപ്പും തുമ്പമൺകാരൻ മാത്യുവും നമ്മെ വന്നു കണ്ടു. ഇന്ന് കുമരകം പള്ളിയിൽ കൊള്ളക്കാർ കയറി ഭണ്ഡാരം കുത്തിപ്പൊളിച്ച് കതക് വെട്ടിക്കീറി പണം, കുരിശ് ഇവ എടുത്തുകൊണ്ടു പോയതായി അറിഞ്ഞു. മുഖംമൂടി ഇട്ട ആളുകളാണ് വന്നു കൊള്ള നടത്തിയത് എന്നറിയപ്പെടുന്നു. ആ പള്ളി വികാരി രാത്രിയിൽ അവിടെ ഇല്ലാതിരുന്ന സന്ദർഭം ആയിരുന്നു അക്രമം നടത്തിയത്. ഇന്ന് നാം മാനേജർ യാക്കോബ് കത്തനാരെ കുമരകത്തിന് അയച്ച് വിവരം അന്വേഷിച്ചു. രാത്രി ഏഴര മണിയോടു കൂടി നമ്മുടെ ജ്യേഷ്ഠന്റെ കൊച്ചുമക്കൾ നമ്മെ വന്നു കണ്ടു. വേദപുസ്തകവായന, സൂത്താറ ഇവയ്ക്കുശേഷം സുഖമായി 10 മണിയോടു കൂടി ഉറങ്ങി. ഇന്നലെ മാർ ഒസ്താത്തിയോസ് മെത്രാച്ചൻ നമ്മോടുകൂടി പോന്നു. ഇന്ന് നമ്മോടൊത്ത് അരമനയിൽ താമസിക്കുന്നു. ഒരു സ്ലീബാദാസൻ വറുഗീസിന് പട്ടം കൊടുക്കുന്നതിന് നിശ്ചയിച്ചിരിക്കുകയാണ്. മെത്രാച്ചൻ കൂടുതൽ നിർബന്ധിക്കുന്നു. എന്തു ചെയ്യാം.

29-4-58. ചൊവ്വാ. ദേവലോകം അരമനയിൽ. രാവിലെ 5 മണിക്ക് എഴുന്നേറ്റു. നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം സുന്നഹദോസിന്റെ യോഗം 10 മണിയോടു കൂടി ആരംഭിച്ചു. മാർ തിമോത്തിയോസ്, മാർ ദീവന്നാസ്യോസ്, മാർ ഒസ്താത്തിയോസ്, മാർ ഈവാനിയോസ്, മാർ പീലക്സിനോസ്, മാർ കൂറിലോസ് ഇവർ സന്നിഹിതരായിരുന്നു. വി. സി. ശമുവേൽ കത്തനാരുടെ കാര്യം പ്രധാന ചർച്ചാവിഷയം ആയിരുന്നു. അയാൾക്ക് യാതൊരു കാരണവശാലും കുർബാന ചൊല്ലുവാൻ അനുവാദം കൊടുക്കുവാൻ സാധിക്കുകയില്ലായെന്ന് യോഗം ഐകകണ്ഠ്യേന തീരുമാനിച്ചു. മാർ ഒസ്താത്തിയോസ്, ശമുവേൽ കത്തനാരുടെ കൂടെ മൂന്നിന്മേൽ കുർബാന ചൊല്ലിയത് തെറ്റിപ്പോയി എന്ന് മാപ്പ് പരസ്യമായി പറഞ്ഞു. സുന്നഹദോസിൽ പട്ടക്കാരുടെ വേഷം, മീശ, തൊപ്പി, തലമുടി ഇവയ്ക്കു യാതൊരു പരിഷ്ക്കരണവും വരുത്തിക്കൂടായെന്നും ചർച്ച ചെയ്തു. 4 മണിയോടു കൂടി യോഗം പിരിഞ്ഞു. മാർ ഒസ്താത്തിയോസ് ഒഴികെ മെത്രാന്മാർ എല്ലാം തിരികെപ്പോയി. സന്ധ്യാനമസ്ക്കാരം, അത്താഴം, സൂത്താറ ഇവയ്ക്കു ശേഷം സുഖമായി ഉറങ്ങി. അരമനയിൽ മാർ ഒസ്താത്തിയോസ് എപ്പിസ്ക്കോപ്പാ നമ്മോടു കൂടി താമസിച്ചു.

30-4-58. ബുധൻ. ദേവലോകം അരമനയിൽ നിന്നും ഉച്ചയ്ക്കു 2 മണിക്ക് കാരൂർ പള്ളി കൂദാശ നടത്തുന്നതിന് നാം പോയി. നാം പോകുന്നില്ലായെന്ന് വിചാരിച്ചിരുന്നു. നമുക്ക് സുഖമില്ലായിരുന്നു. ഷുഗർ ഇന്നു കൂടുതൽ കണ്ടു. രണ്ടു മണിക്ക് ആശ്വാസം തോന്നി. ഇവിടെ നിന്നും കാരൂർക്ക് പുറപ്പെട്ടു. അവിടെ വമ്പിച്ച ഒരു സ്വീകരണം ഉണ്ടായിരുന്നു. മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ, മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ ഇവർ അവിടെ ഉണ്ടായിരുന്നു. സന്ധ്യാനമസ്ക്കാര ശേഷം പള്ളികൂദാശ ക്രമത്തിൽ പ്രുമിയോൻ വരെ ചൊല്ലിയശേഷം രാവിലെ നടത്താൻ വച്ചു. പള്ളിക്കെട്ടിടത്തിൽ സുഖമായി ഉറങ്ങി. തെങ്ങുംതറയിൽ കോറെപ്പിസ്ക്കോപ്പാ ആ പരിസരങ്ങളിലുള്ള പട്ടക്കാർ ഇവരെല്ലാം സന്നിഹിതരായിരുന്നു. അവിടെ നല്ല പോലെ മഴയുണ്ടായിരുന്നു. പത്തര മണിക്ക് സുഖമായി ഉറങ്ങി.

1958 മെയ്

1-5-58. വ്യാഴം. കാരൂർ പള്ളികൂദാശ ദിവസം. നാം കുർബാന ചൊല്ലി. മൂന്നിന്മേൽ കുർബാന. കൂദാശയ്ക്കു ശേഷം ആരംഭിച്ചു. മെത്രാച്ചന്മാർ രണ്ടു പേരും താഴത്തെ ത്രോണോസിൽ ചൊല്ലി. പന്ത്രണ്ടേകാൽ മണിക്കു സകലവും ഭംഗിയായി അവസാനിച്ചു. ധാരാളം ആളുകൾ നമ്മെ കാണുവാൻ തിങ്ങിക്കൂടി. നമുക്ക് അവിടെ നിന്നും 101 രൂപ കൈമുത്ത് തന്നു. മഴ നിമിത്തം അവിടെ തന്നെ താമസിക്കേണ്ടി വന്നു. 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

2-5-58. വെള്ളി. രാവിലെ കാപ്പികുടി കഴിഞ്ഞശേഷം കാരൂർ നിന്നും ദേവലോകം അരമനയിലേക്കു യാത്ര പുറപ്പെട്ടു. അരമനയിൽ എത്തി വിശ്രമിച്ചു. പെട്രോൾ വാങ്ങിക്കുവാൻ അവർ 20 രൂപാ തന്നു. നാം പള്ളി മൂപ്പനും കപ്പിയാർക്കും ഓരോ രൂപാ കൊടുത്തു. ഭണ്ഡാരത്തിൽ ഒരു രൂപാ നേർച്ച ഇട്ടു. അരമനയിൽ സുഖമായി ഉറങ്ങി. ഇന്ന് മരുന്നുകൾ രണ്ടും കോശി ശെമ്മാശൻ കുത്തിവച്ചു.

3-5-58. ശനി. രാവിലെ നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം കുണ്ടറ നല്ലില പള്ളിയിൽ പോകാൻ വിചാരിച്ചു. വയറ്റിന് അസുഖം തോന്നി. ഉച്ചയ്ക്ക് ഒന്നര മണിക്കു ശേഷം മാത്രമേ യാത്ര പുറപ്പെടാൻ സാധിച്ചുള്ളു. കുണ്ടറ സെമിനാരിയിൽ 4 മണിക്കു എത്തിച്ചേർന്നു. അവിടെ നിന്നു നല്ലില പള്ളിയിലേക്കു പോയി. വമ്പിച്ച ഒരു സ്വീകരണവും ഘോഷയാത്രയും ഉണ്ടായിരുന്നു. സന്ധ്യാനമസ്ക്കാരം നല്ലില പള്ളിയിൽ കഴിച്ചു. തിരികെ കുണ്ടറ സെമിനാരിയിൽ എത്തി ഭക്ഷണശേഷം വിശ്രമിച്ചു. നല്ലില പള്ളിയിലേക്കു പോകവെ വഴിക്കു പെരുമ്പുഴ ചാപ്പലുകാർ കാർ നിർത്തിച്ച് ആ പള്ളിയിൽ കയറാതെ പോയതിന്റെ വ്യസനം പ്രകടിപ്പിച്ചു. നാം നാളെ വരുമ്പോൾ അവിടെ കയറി ഭക്ഷണം കൂടെ കഴിക്കാമെന്ന് അവരെ ആശ്വസിപ്പിച്ചു. സെമിനാരിയിൽ സുഖമായി ഉറങ്ങി.

4-5-58. ഞായർ. കുണ്ടറ സെമിനാരിയിൽ നിന്നും മാനേജർ എം. എം. ജേക്കബ് കത്തനാർ, കോശി ശെമ്മാശ്ശൻ ഇവരും ഒന്നിച്ച് നല്ലില പള്ളിയിൽ പോയി. അവിടെ ചെറിയ കൂദാശ കൂറിലോസ് മെത്രാച്ചനുമൊത്ത് നടത്തി. അവിടെ കുർബാന ചൊല്ലി. മൂന്നിന്മേലായിരുന്നു. കൂറിലോസ് മെത്രാച്ചനും, ജേക്കബച്ചനും കൂടി ചൊല്ലി. 11 മണിയോടു കൂടി അവിടെയുണ്ടായിരുന്ന പുരുഷന്മാരെ മാത്രം കൈ മുത്തിച്ചിട്ട് മുറിയിൽ എത്തി കാപ്പി കുടിച്ചു. അവയ്ക്കു ശേഷം സെമിനാരിയിലേക്കു ഉടനെ മടങ്ങി. വഴിക്കു വച്ചു പെരുമ്പുഴ പള്ളിയിൽ കയറി ലുത്തിനിയാ കഴിച്ചു. അര മണിക്കൂറോളം അവിടെ വിശ്രമിച്ചു. ആ പള്ളിക്കാർ 35 രൂപായും നല്ലില പള്ളിക്കാർ 101 രൂപായും 83 1/2 രൂപാ കാണിക്കയും തന്നു. കുണ്ടറ സെമിനാരിയിൽ വച്ചു വൈദ്യൻ കത്തനാരുടെ മകൾ അവളുടെ കല്യാണവിവരം അറിയിക്കാൻ വന്നു. അവൾ 10 രൂപാ കൈമുത്തു തന്നു. അവളെ മാർത്തോമ്മായിൽ കെട്ടിക്കുന്നതിന് നാം വഴക്കു പറഞ്ഞു. കല്യാണം 11-ാം തീയതിക്കു ഉറച്ചു പോയി. കൂടാതെ നെടിയവിള ഉമ്മൻ പണിക്കർ വന്നു കണ്ടു. അയാൾ കൈമുത്തായി 10 രൂപാ തന്നു. നാം രാവിലെ കോട്ടയത്തിന് പോകുന്നുള്ളു എന്ന് നിശ്ചയിച്ചു. ഇന്ന് നല്ല മഴയുണ്ടായിരുന്നു. 10 മണിയോടു കൂടി ഉറങ്ങി. കൂറിലോസ് മെത്രാച്ചൻ നമ്മോടു കൂടി താമസിച്ചു.

5-5-58. രാവിലെ കുണ്ടറ നിന്നും 7 മണിക്ക് കാപ്പികുടി കഴിഞ്ഞ് പുറപ്പെട്ടു. വഴിക്കു ബഥേലിൽ[102] കയറി മൂത്രം ഒഴിച്ചു. 9 മണിക്ക് ഇവിടെയെത്തി. ഏലിയാ ചാപ്പലിൽ കയറിയശേഷമാണ് ഇങ്ങോട്ടു പോരുന്നത്. അലക്സാണ്ടർ ശെമ്മാശ്ശന്റെ കല്യാണം നാം 11 മണിയോടു കൂടി ഏലിയാ ചാപ്പലിൽ വച്ച് നടത്തിക്കൊടുത്തു. അവൻ നമുക്ക് കൈമുത്തു കൊണ്ടുവന്നു. നാം തിരികെ കൊടുത്തു. മോഡേൺ അവറാച്ചി പീടിക കൂലിക്കു എം.ഡി. യ്ക്കു തരാനുണ്ടായിരുന്നതിൽ 40 രൂപാ നമ്മെ ഏല്പിച്ചു. ഇന്ന് തേവോദോസ്യോസ് മെത്രാച്ചനു സുഖക്കേട് കൂടുതലാണെന്നറിഞ്ഞു. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി.

6-5-58. രാവിലെ നമസ്ക്കാരം, കാപ്പി ഇവകൾക്കുശേഷം കൗൺസിൽ ഇന്നു നടന്നു. മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ, മാർ ഈവാനിയോസ് ഇവർ ഹാജരുണ്ടായിരുന്നു. സ്കൂൾ കാര്യങ്ങൾ ചർച്ച ചെയ്തു. ഇന്നു മരുന്നുകൾ രണ്ടും നമ്മെ കുത്തിവച്ചു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. അരമനയിൽ സുഖമായി താമസിച്ചു. കുറിച്ചിയിൽ നിന്നും ജ്യേഷ്ഠന്റെ മകന്റെ മകളും വെണ്ണിക്കുളത്തുകാരൻ മകളെ കെട്ടിയവനും വന്നിരുന്നു.

7-5-58. ബുധൻ. രാവിലെ ഗീവറുഗീസ് സഹദായുടെ ഓർമ്മ ദിവസമാകയാൽ ഇവിടെ കുർബാന ചൊല്ലിച്ചു. യോഹന്നാൻ കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. ഉച്ചയോടുകൂടി ശമുവേൽ ശെമ്മാശൻ അയാളുടെ ഭാര്യയോടുകൂടി ഇവിടെ വന്നു നമ്മെ കണ്ടു. നമുക്കു ഒരു ചുമന്ന കുപ്പായത്തിന് തുണി കൊണ്ടു കാഴ്ചവച്ചു. മാർ ഈവാനിയോസ് എപ്പിസ്ക്കോപ്പാ പുതുപ്പള്ളിയിൽ നിന്നും ഇവിടെ വന്ന് നമ്മോടുകൂടി താമസിച്ചു. പുതുപ്പള്ളി പെരുന്നാളാകയാൽ ആൾബഹളം ഉള്ളതുകൊണ്ട് അവിടെ താമസിക്കുന്നതിന് പ്രയാസമാണെന്ന് തോന്നുന്നു. രാവിലെ പുതുപ്പള്ളിയിൽ മെത്രാച്ചൻ പോയി കുർബാന ചൊല്ലും. സൂത്താറയ്ക്കുശേഷം സുഖമായി ഉറങ്ങി.

8-5-58. വ്യാഴം. ഇവിടെ അരമനയിൽ വച്ച് നമ്മുടെ അദ്ധ്യക്ഷതയിൽ നമ്മുടെ സ്കൂൾ ഹെഡ്മാസ്റ്റേഴ്സിന്റെ ഒരു കോൺഫറൻസ് നടന്നു. കാർത്തികപ്പള്ളി സ്കൂൾ ഹെഡ്മാസ്റ്റർ വന്നിട്ടില്ലായിരുന്നു. പീലക്സിനോസ് എപ്പിസ്ക്കോപ്പായും ഉണ്ടായിരുന്നു. എം.ഡി. സ്കൂളിൽ ചന്തക്കടവിലെ കുഞ്ഞൂഞ്ഞിന്റെ മകൻ കെ. ജെ. തോമസിനെ നിയമിക്കുന്നതിന് കല്പന കൊടുത്തു. അവിടെ നിയമിക്കുന്നതു പ്രയാസമാണെന്ന് അവർ പറഞ്ഞു. നാം കല്പന കൊടുത്തു. ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. പീലക്സിനോസ് മെത്രാച്ചൻ, സ്ലീബാദാസൻ വറുഗീസിന് ശെമ്മാശുപട്ടം കൊടുക്കുവാൻ നാം പറഞ്ഞിട്ടുണ്ട്. സൂത്താറായ്ക്കു ശേഷം സുഖമായി ഉറങ്ങി. ഇന്നു കാർ നന്നാക്കാൻ കൊടുത്തു.

9-5-58. വെള്ളി. രാവിലെ 5 മണിക്കു എഴുന്നേറ്റു. നമ്മുടെ നമസ്ക്കാരം, പത്രവായന, കാപ്പി, കുത്തിവയ്പ് ഇവകൾക്കുശേഷം അലക്സാണ്ടർ ശെമ്മാശനും ഭാര്യയും ഇന്നു നമ്മെ വന്നു കണ്ടു. നാം സ്വർഗ്ഗാരോഹണ പെരുന്നാളിന് കശ്ശീശാപട്ടം കൊടുക്കാമെന്ന് പറഞ്ഞു. 4 മണിയോടു കൂടി മാർ തീമോത്തിയോസ് മെത്രാച്ചൻ തുമ്പമൺ ഭദ്രാസനത്തിലെ സന്ദർശനം കഴിഞ്ഞ് ഇവിടെ വന്നു. ഇന്ന് നമ്മോടു കൂടി താമസിക്കുന്നു. ഇന്ന് അല്പം ജലദോഷം പിടിപെട്ടതുപോലെ തോന്നുന്നു. ആരോഗ്യം പൊതുവെ നന്നായിരുന്നു.

10-5-58. രാവിലെ തീമോത്തിയോസ് മെത്രാച്ചനുമൊന്നിച്ച് പള്ളിയിൽ പോയി നമസ്ക്കാരം കഴിഞ്ഞു. ഇവിടെ അരമനയിൽ തിമോത്തിയോസ് മെത്രാച്ചൻ ഇന്നും ഉച്ചവരെ താമസിച്ചു. മൂവാറ്റുപുഴയ്ക്കു മെത്രാച്ചൻ പോയി. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

11-5-58. ഞായർ. രാവിലെ വി. കുർബാന മല്പാൻ യോഹന്നാൻ കത്തനാർ ചൊല്ലി. നാം അതിൽ സംബന്ധിക്കുക മാത്രം ചെയ്തു. നമുക്ക് നല്ല സുഖം തോന്നുന്നില്ലായിരുന്നു. മരുന്നുകൾ കുത്തിവച്ചു. ഇവിടെ അരമനയിൽ സുഖമായി താമസിച്ചു.

12-5-58. രാവിലെ നമസ്ക്കാരം, കാപ്പികുടി ഇവയ്ക്കുശേഷം വാകത്താനത്തു പുതിയ ചാപ്പലിൽ പോയി ഓണാട്ടു കുര്യന്റെ മകന്റെ കല്യാണം നടത്തി. കുമരകത്തുകാരിയായിരുന്നു പെണ്ണ്. നമുക്ക് കല്യാണക്കാർ 126 രൂപാ കൈമുത്തു തന്നു. ഉച്ചയ്ക്കുശേഷം തിരികെ എത്തി. അരമനയിൽ സുഖമായി ഉറങ്ങി. കെ. എം. ഈപ്പൻ[103] വന്നു ശമുവേൽ കത്തനാരുടെ വിവരം സംസാരിച്ചു.

13-5-58. ചൊവ്വാ. രാവിലെ ഒരു ശർദ്ദിലും വയറിളക്കവും ഉണ്ടായി. പള്ളിയിൽ പോയി നമസ്ക്കരിച്ചില്ല. ഇന്ന് കോട്ടയം ഭദ്രാസന യോഗം നമ്മുടെ അദ്ധ്യക്ഷതയിൽ കൂടാൻ നിശ്ചയിച്ചിരുന്നു. സുഖമില്ലാത്തതുകൊണ്ട് നം പോയില്ല. രണ്ടു പ്രാവശ്യം ശർദ്ദിച്ചു. വയറിളകി. ഹോമിയോപ്പതി മരുന്ന് കോശി ശെമ്മാശ്ശൻ തന്നു സുഖമാക്കി. ഡോക്ടറെയും മറ്റും വിളിച്ചില്ല. കിരീടധാരണം കൊച്ചുകൊച്ചും, ജൂണിയർ കെ. എം. ചെറിയാനും[104] നമ്മെ വന്നു കണ്ടു. കെ. എം. ഈപ്പനും വന്നു യാത്ര ചോദിച്ചു മദ്രാസിനു പോയി. ഏതായാലും ശമുവേൽ കത്തനാർക്കു അനുവാദം കൊടുക്കുവാൻ യാതൊരു നിയമവും അനുവദിക്കുന്നില്ല. പീലക്സിനോസ് മെത്രാച്ചന്റെ പേർക്ക് വിവരങ്ങൾക്ക് എഴുത്തയക്കുന്നു.

14-5-58. രാവിലെ നാം പള്ളിയിൽ പോയി നമസ്ക്കരിച്ചില്ല. ഇന്ന് പള്ളിയിൽ പോയതേ ഇല്ല. പീലക്സിനോസ് മെത്രാച്ചൻ നാലു മണിക്കു ശേഷം വന്നുചേർന്നു. മാവേലിക്കര അലക്സ് ശെമ്മാശ്ശൻ, ചെങ്ങന്നൂർ കണമൂട്ടിൽ ഈപ്പൻ ശെമ്മാശ്ശൻ, പുത്തൻകാവിൽ ചക്കാലയിൽ ഫീലിപ്പോസ് ശെമ്മാശ്ശൻ, മാന്നാത്തു താമരവേലിൽ വറുഗീസ് ശെമ്മാശ്ശൻ[105] ഇവർക്കു കശ്ശീശാപട്ടം കൊടുക്കുന്നതിന് നമുക്ക് സുഖമില്ലാത്തതുകൊണ്ടു മെത്രാച്ചൻ കൊടുക്കുവാൻവേണ്ടി ഫോൺ ചെയ്തു വരുത്തി. ഇവിടെ നമ്മോടു കൂടി താമസിച്ചു.

15-5-58 വ്യാഴം. സ്വർഗ്ഗാരോഹണപെരുന്നാൾ. അരമന ചാപ്പലിൽ മാർ പീലക്സിനോസ് എപ്പിസ്ക്കോപ്പാ വി. കുർബാന ചൊല്ലി. കുർബാനയിൽ നാം സംബന്ധിച്ചു. മെത്രാച്ചൻ നാലുപേർക്കും തലേദിവസത്തെ നിശ്ചയപ്രകാരം കശ്ശീശാപട്ടം കൊടുത്തു. നാം ഇവിടെ മദ്ബഹായിൽ ശുശ്രൂഷയ്ക്ക് കൂടിക്കൊണ്ടിരുന്ന കൊങ്ങളത്ത് കുര്യന് കോറൂയോപട്ടം, കശീശാപട്ടം മെത്രാച്ചൻ കൊടുത്തതിനുശേഷം കൊടുത്തു. മെത്രാച്ചൻ ഉച്ചയോടു കൂടി പത്തനംതിട്ടയ്ക്കു തിരികെ മടങ്ങി. അച്ചന്മാർ നാലും നമ്മോടുകൂടി താമസിക്കുന്നു. ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു.

16-5-58. വെള്ളി. അരമനയിൽ സുഖമായി താമസിച്ചു. ഡോ. പോൾ അയ്യമ്പള്ളിൽ നിന്നും ഇവിടെ നമ്മെ വന്നു കണ്ടു പരിശോധിച്ചു. ആരോഗ്യസ്ഥിതി മെച്ചമാണ് എന്നു പറഞ്ഞു. ഡോക്ടർ തിരികെ പോയി. ഇന്നും ആരോഗ്യസ്ഥിതി പൊതുവെ മെച്ചമായിരുന്നു.

17-5-58. ശനി. രാവിലെ നമസ്ക്കാരം, പീലിപ്പോസ് കത്തനാരുടെ പുത്തൻ കുർബാന, കാപ്പി ഇവകൾക്കുശേഷം വിശ്രമിച്ചു. ഇന്ന് രണ്ടു മണിയോടു കൂടി കറ്റാണത്തു പള്ളിയിലേക്കു പുറപ്പെട്ടു. അവിടെ നാളെ വല്യയിഴത്തിൽ ജോയി എം.എ. ക്ക് പട്ടം കൊടുക്കുന്നതിനു വേണ്ടിയായിരുന്നു. മാവേലിക്കര വഴി പോയി. 4 മണിക്കു കറ്റാണത്തു എത്തി. അവിടെ പോകുന്ന വഴി തഴക്കര പള്ളിപണി കയറി കണ്ടു. കെട്ടിടം വളരെ നന്നായിരിക്കുന്നു. പറമ്പിലെ കത്തനാർ അവിടെ വന്നു നമ്മെ കണ്ടു. നടക്കാവിലെ ബാലജനസഖ്യക്കാർ[106] നമ്മുടെ പേർക്കയച്ച അപേക്ഷ അച്ചനെ ഏല്പിച്ചു. കറ്റാണത്തു പള്ളിയിൽ നമസ്ക്കാര ശേഷം റ്റി.ബി. യിൽ എത്തി. അവിടെ താമസിച്ചു. പട്ടം ഏല്ക്കാനുള്ള കൊച്ചൻ വന്നു. അവനു കുപ്പായം, തൊപ്പി ഇവ വാഴ്ത്തി കൊടുത്തു. യവുപ്പദിയക്കിനോ പട്ടം കൊടുക്കാൻ തീരുമാനിച്ചു.

18-5-58. കറ്റാണം പള്ളിയിൽ ഞായറാഴ്ച നാം കുർബാന ചൊല്ലി. കുർബാനമദ്ധ്യേ നാം പട്ടം കൊടുത്തു. കുർബാനയ്ക്കു ശേഷം റ്റി.ബി. യിൽ എത്തി അവിടെ താമസിച്ചു. നാളെ രാവിലെ കോട്ടയത്തിനു തിരികെ പോകുന്നതാണ്. പള്ളിക്കാർ 51 രൂപ കൈമുത്തു തന്നു. 22 രൂപ കാണിക്കയും കൊണ്ടുപോരുന്നു. പെട്രോളിന് രൂപായൊന്നും അവർ കൊടുത്തില്ല. സഖറിയാ ശെമ്മാശ്ശനും ശമുവേൽ ശെമ്മാശ്ശനും കോശി ശെമ്മാശ്ശനും നമ്മോടു കൂടിയുണ്ടായിരുന്നു. വേലക്കാർ ഉണ്ണിയും, തോമ്മായും ഉണ്ടായിരുന്നു.

19-5-58. രാവിലെ കോട്ടയത്തിന് യാത്ര പുറപ്പെട്ടു. കായംകുളം വഴിയാണ് മടങ്ങിയത്. കായംകുളത്ത് ചാപ്പലിൽ കയറിയശേഷം തിരികെ മടങ്ങി ഇവിടെ കോട്ടയത്തു എത്തി വിശ്രമിച്ചു. ഇന്ന് ആരോഗ്യം മെച്ചമായിരുന്നു.

20-5-58. ചൊവ്വാ. അരമനപള്ളിയിൽ കുർബാനയുണ്ടായിരുന്നു. വറുഗീസ് കത്തനാർ ചൊല്ലി. ഉച്ചയ്ക്കുശേഷം മാളിയേക്കലെ മാത്തുക്കുട്ടിയുടെ ഇംഗ്ലണ്ടിൽ പോയി പഠിച്ച് തിരികെവന്ന അച്ചുകുട്ടിയും കുട്ടിയപ്പനും ഇവിടെ വന്നു. അവൻ നാളെ ജോലിയിൽ പ്രവേശിക്കുന്ന ദിവസമാകയാൽ അവനെ നാം അനുഗ്രഹിക്കയും കുർബാന നാളെ ചൊല്ലുകയും ചെയ്യണമെന്ന് അറിയിച്ചു. പുതിയ കത്തനാർ നാളെ ചൊല്ലും എന്ന് അറിയിച്ചു പറഞ്ഞയച്ചു. ഇന്ന് ജോർജ്ജ് കത്തനാർ വന്നു കണ്ടു. നമസ്ക്കാരം, അത്താഴം, സൂത്താറാ ഇവകൾക്കുശേഷം ഉറങ്ങി. ഇന്ന് ചൂടു കൂടുതൽ അനുഭവപ്പെട്ടു.

21-5-58. രാവിലെ നമസ്ക്കാരം, കുർബാന ഇവകൾക്കുശേഷം അരമനയിൽ വിശ്രമിച്ചു. കുർബാനയ്ക്കു മാത്തുക്കുട്ടിയുടെ മകൻ വന്നു സംബന്ധിച്ചു. കുട്ടിയപ്പനും വന്നിരുന്നു. ഫീലിപ്പോസ് കത്തനാർ കുർബാന ചൊല്ലി. നാം അതിൽ സംബന്ധിച്ചു. മാളിയേക്കൽ മാത്തുക്കുട്ടിയുടെ മകന്റെ പുതിയ ജോലി പ്രവേശനം സംബന്ധിച്ച് അനുഗ്രഹം പ്രാപിച്ച് പോയി. ഇന്ന് നമുക്ക് അല്പം ജലദോഷത്തിന്റെ അസുഖം അനുഭവപ്പെട്ടു. രാത്രി 10 മണിയോടു കൂടി സുഖമായി ഉറങ്ങി.

22-5-58. വ്യാഴം. ഇന്നും കുർബാനയുണ്ടായിരുന്നു. കണമൂട്ടിൽ ഈപ്പൻ ശെമ്മാശൻ ചൊല്ലി. നാം അതിൽ സംബന്ധിച്ചു. നേരത്തെ അറിയിച്ചതനുസരിച്ചു കൗൺസിലിന് മാർ ഈവാനിയോസ് മെത്രാച്ചൻ മാത്രം വന്നു. പീലക്സിനോസ് മെത്രാച്ചൻ വരാഞ്ഞതുകൊണ്ട് കൗൺസിൽ നടന്നില്ല. എം.ഡി. സെമിനാരി സ്കൂളിൽ സി. യു. മാത്യുവിനെ[107] ഹെഡ്മാസ്റ്റർ ആയി നിയമിച്ചു കല്പന കൊടുത്തു. ഹെഡ്മാസ്റ്റർ തന്ന റിപ്പോർട്ടനുസരിച്ച് ചന്തക്കടവിൽ കുഞ്ഞൂഞ്ഞിന്റെ മകനെ (കെ. ജെ. തോമസ്) അവിടെ നിയമിക്കാൻ സാധിച്ചില്ല. അവന്റെ വിഷയത്തിന് അവിടെ ആളുകൾ ആവശ്യമില്ലാത്തതുകൊണ്ടാണ് അവനെ തിരികെ പുതുശ്ശേരിൽ തന്നെ നിയമിച്ചത്. മുമ്പു കൊടുത്ത കല്പന റദ്ദു ചെയ്തു കല്പന കൊടുത്തു. മെത്രാച്ചൻ 6 മണിയോടു കൂടി തിരികെ പോയി. ഏതായാവും ഇന്ന് ആരോഗ്യം പൊതുവെ മെച്ചമായിരുന്നു. ധ്യാനയോഗത്തിന് വന്ന അച്ചന്മാർ ഇവിടെ 5 പേർ നമ്മെ വന്നു കണ്ടു.

(തുടരും)

വലിയ നോമ്പ്: സന്തോഷത്തിലേക്കും സാക്ഷാത്കാരത്തിലേക്കും ഒരു മരുഭൂയാത്ര


ഫാ. ഡോ. ബിജേഷ് ഫിലിപ്പ്

കാനാവിലെ കല്യാണത്തിന് കർത്താവ് വെള്ളത്തെ വീഞ്ഞാക്കിയ സംഭവം വായിച്ച് ധ്യാനിച്ച് ആണല്ലോ നമ്മൾ വലിയ നോമ്പിലേക്ക് പ്രവേശിക്കുന്നത്. ആ രൂപാന്തരത്തിന് കൽഭരണികൾ പശ്ചാത്തലം ഒരുക്കിയതുപോലെ നമ്മുടെ ജീവിത രൂപാന്തരത്തിന് നോമ്പ് സഹായകരമാണ്. രണ്ടിലും ക്രിസ്തു ആണ് രൂപാന്തരത്തിന്റെ ആത്യന്തിക സ്രോതസ്സ് എന്നതും ഓർക്കാം. മനുഷ്യന്റെ ദൈവീകരണ പ്രക്രിയയിൽ സഹായിക്കുന്ന വിവിധങ്ങളായ ആത്മീയ അനുഷ്ഠാനങ്ങളിൽ നോമ്പും ഉപവാസവും ഉൾപ്പെടുന്നു. ഒരു വെള്ളത്തുള്ളി സുഗന്ധതൈലത്തിൽ വീണ് വെള്ളത്തുള്ളിയും സുഗന്ധമാകുന്നതുപോലെയാണ് ഓരോ വിശ്വാസിയും ദൈവസംസർഗത്തിൽ ദൈവീകരണലക്ഷ്യത്തിലേക്കു പുരോഗമിക്കുന്നത്.

ഓർത്തഡോക്സ് സഭ നിരന്തരമുള്ള പ്രാർത്ഥനയും നോമ്പും കൂദാശാനുഷ്ഠാനങ്ങളും നിഷ്കർഷിക്കുന്നതിന്റെ ഉദ്ദേശ്യം മാമൂദീസായിലൂടെ ക്രിസ്തുവിൽ ജനിച്ച ഓരോരുത്തരും ക്രിസ്തുവെന്ന തലയോളം വളരണമെന്ന ലക്ഷ്യത്തോടെയാണ്. ഈ ദൈവീകരണ പ്രക്രിയ ജീവിതം മുഴുവൻ തുടർന്നു കൊണ്ടേ ഇരിക്കേണ്ടതാണ്. ദൈവപുത്രൻ മനുഷ്യനായത് മനുഷ്യർ ദൈവപുത്രരാകേണ്ടതിനാണെന്നും, ദൈവത്തെപോലെ ആകുക അഥവാ ക്രിസ്തുവിനെപ്പോലെ ആകുക എന്നതാണു (വി. മത്തായി 5.45; 2 പത്രോസ് 1.4, 2 കൊരിന്ത്യർ 3.18) പരമ പ്രധാന ജീവിത ലക്ഷ്യമെന്നും ഓർത്തോഡോക്സ് വിശ്വാസം നിഷ്കർഷിക്കുന്നു. ക്രിസ്തുവിനെപ്പോലെ കരുണയും, ത്യാഗവും, ക്ഷമയും, ദൈവസംസർഗവുമൊക്കെയുള്ള മനുഷ്യരായി നിരന്തരം കൃപ പ്രാപിച്ചു വളരുവാനുള്ള സാദ്ധ്യത ഓരോരുത്തരിലും ഉണ്ട്. ദൈവ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട (ഉൽപത്തി 1.26, 27) അഥവാ ക്രിസ്തുവിന്റെ സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ സാക്ഷത്കാരം സാധ്യമാക്കുന്ന ഈ ദൈവീകരണ പ്രക്രീയ ഓർത്തഡോക്സ് ആത്മീയതയുടെ ഏറ്റവും പ്രധാനമായ ലക്ഷ്യമാണ്. ഒരു വിത്ത് വളർന്ന് മരമാകുന്നതുപോലെ ഒരു മനുഷ്യൻ ക്രിസ്തുവിൽ പൂർണ്ണ മനുഷ്യനായി തീരുന്ന ഈ പ്രക്രീയയെ മാനുഷീകരണം എന്നും വിളിക്കാം.

എന്നാൽ ആധുനീക നവീകരണ സഭകളും മറ്റും "പ്രവൃത്തിയാലുള്ള രക്ഷ" എന്നു പഠിപ്പിച്ച് ആദിമ നൂറ്റാണ്ടു മുതൽ സഭയിൽ ശക്തമായി നിൽക്കുന്ന ഈ ദൈവീകരണ ദർശനത്തെ നിസ്സാരവൽക്കാരിക്കുന്നത് പോലെ തോന്നുന്നു. വിശ്വാസം മാത്രം (sola fide) എന്നും, കൃപ മാത്രം (sola gracia) എന്നും ഉള്ള പഠിപ്പിക്കലിലൂടെ എതി4ക്കുന്നത് പുരാതന സഭകളുടെ ആത്മീയാനുഷ്ഠാനങ്ങളെയാണ്. അതേ സമയം തന്നെ ഉദ്ദിഷ്ടകാര്യ സാധ്യത്തിനായി ഈ നൂതന വിഭാഗങ്ങളിൽ ഉപവാസവും പ്രാർഥനയുമൊക്കെ നിരന്തരം പ്രോത്സാഹിപ്പിക്കുകയും ചെയുന്നു. പ. പൗലൊസ് ശ്ലീഹാ ന്യായപ്രമാണത്തിന്റെ പ്രവൃത്തികളെ എതിർക്കുകയും ക്രിസ്തുവിൽ ലഭ്യമായ രക്ഷയെ ഉയർത്തികാട്ടുകയും ചെയുന്നതല്ലാതെ ക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടു വളരുവാനുള്ള കൃപ സ്വീകരിക്കുവാനായി ആത്മീയാനുഷ്ഠാനങ്ങൾ നടത്തുന്നതിനെ എതിർക്കുന്നില്ല. വിശ്വാസത്താലുള്ള രക്ഷയെന്നത് ഓർത്തഡോക്സ് പഠിപ്പിക്കലിലും പ്രധാനമാണ്. എന്നാൽ ഓർത്തോഡോക്സ് ക്രിസ്ത്യാനി ദൈവീകരണത്തിനായുള്ള കൃപ പ്രാപിച്ചു വളരുവാൻ നിരന്തരം ദൈവത്തോട് സഹകരിക്കുവാനായി നിർവഹിക്കുന്ന ആൽമീയാനുഷ്ഠാനങ്ങളെ വിശ്വാസത്തിനു വിരുദ്ധമായി കാണുന്നില്ല. പ. പൗലൊസ് ശ്ലീഹാ "രക്ഷക്കായി പ്രവർത്തിപ്പിൻ" (ഫിലിപ്യർ 2.12) എന്നു പഠിപ്പിക്കുന്നതും മറ്റും ഈ വെളിച്ചത്തിൽ മനസിലാക്കേണ്ടതാണ്.

ആദ്യകാലത്ത് ക്രിസ്തീയ സഭയിലേക്ക് ചേരുവാൻ ആഗ്രഹിച്ചിരുന്നവർക്ക് ഒരുക്കവും ആത്മീയ പരിശീലനവും നൽകുന്നതിന്റെ ഭാഗമായാണ് വലിയ



നോമ്പ് ആരംഭിക്കുന്നത്. അങ്ങനെ വലിയ നോമ്പിൽ പരിശീലനവും പ്രബോധനവും സിദ്ധിച്ച് അവർ ഉയർപ്പ് പെരുന്നാളിൽ മമോദീസാ സ്വീകരിച്ച് ആദ്യമായി ആരാധനയിൽ സാംബന്ധിച്ചു. ക്രമേണ ഈ നോമ്പുകാലം വിശ്വാസികൾക്കും കഷ്ടാനുഭവ ആഴ്ചയിലേക്ക് ഉള്ള ഒരുക്കവും മാമോദിസയുടെ കൃപയുടെ പുതുക്കവും ഒക്കെ ആയി തീർന്നു. ക്രിസ്തുവിനോട് കൂടെ മരിച്ചു ഉയർത്തെഴുന്നേൽക്കുന്ന മാമോദിസയുടെ ഒരു പുതുക്കത്തിന്റെ അനുഭവം വലിയ നോമ്പിലൂടെ സാധിക്കുന്നു - ഉപവസിച്ച് അനുതപിച്ച് പ്രാർത്ഥിച്ച് ക്രിസ്തുവിനോട് അനുരൂപപ്പെട്ട് വളരുന്ന അനുഭവം.

നോമ്പിനെ സംബന്ധിച്ചുള്ള ഒരു പൊതു പ്രമാണം പ്രധാന പെരുന്നാളുകളിലേക്ക് ഉള്ള ആത്മീയമായ ഒരുക്കം എന്നതാണ്. ക്രിസ്മസിലേക്ക് 25 നോമ്പിലൂടെയും വാങ്ങിപ്പ് പെരുന്നാളിലേക്ക് 15 നോമ്പിലൂടെയും ഒരുങ്ങുന്നതുപോലെ 'പെരുന്നാളുകളുടെ പെരുന്നാൾ' ആയ ഉയർപ്പ് പെരുന്നാളിലേക്ക് വലിയ നോമ്പിലൂടെ നാം ഒരുങ്ങുകയാണ്.

വലിയ നോമ്പിൽ നാല്പതാം വെള്ളിയാഴ്ച വരെ തുടരുന്ന 40 ദിവസത്തെ നോമ്പ് വഴി കർത്താവ് എടുത്ത 40 ദിവസത്തെ ഉപവാസത്തോട് താദാത്മ്യപ്പെടുകയാണ്. അതേ തുടർന്ന് ഈസ്റ്റർ വരെ കഷ്ടാനുഭവയാഴ്ചയും കൂടെ കൂട്ടി നോമ്പ് നടത്തി പൂർത്തികരിക്കുന്നു. അങ്ങനെ അത് 50 നോമ്പ് ആയി തീരുന്നു.

ചില സമയത്തെ ഭക്ഷണം ഒഴിവാക്കുന്നതും ചില ഇനം ഭക്ഷണപദാർത്ഥങ്ങൾ ഒഴിവാക്കുന്നതും നോമ്പിൽ പ്രധാനമാണ്. ഭക്ഷണകാര്യങ്ങളിൽ എന്നതുപോലെ തന്നെ ഇന്നത്തെ കാലത്ത് സോഷ്യൽ മീഡിയ ഉപയോഗത്തിന്റെ മിതത്വവും നിയന്ത്രണവും നോമ്പുകാലത്ത് പ്രത്യേകം ശ്രദ്ധ വെക്കുന്നതും ഏറെ അനുഗ്രഹകരമായിരിക്കും.

ഉപവാസത്തിന്റെയും നോമ്പിന്റെയും പ്രയോജനങ്ങൾ ബഹുവിധമാണ്. ചിലതുമാത്രം ഒന്ന് കുറിയ്ക്കട്ടെ:

1. പുറമേയുള്ള മനുഷ്യന്റെ സുഖവും പോഷണവും കുറെ മാറ്റിവെച്ചു ആന്തരിക മനുഷ്യനെ പരിപോഷിപ്പിക്കുവാൻ കൂടുതൽ ശ്രദ്ധിക്കുവാൻ

സഹായിക്കുന്നു. കൂടുതൽ വേദ വായനയിലൂടെയും പ്രാർത്ഥനയിലൂടെയും ആണ് ഈ ആത്മീയ പോഷണം ഉറപ്പ് വരുത്തുന്നത്. കൂടുതലായി സുവിശേഷങ്ങൾ വായിച്ചു ധ്യാനിക്കുവാൻ ഉള്ള സമായമായും നോമ്പ് കാലത്തെ പ്രയോജനപ്പെടുത്താം.

2. തിന്മയോടുള്ള അദൃശ്യ ആത്മീയ പോരാട്ടത്തിൽ ശക്തി പകരുന്നു. നോമ്പിൽ ഭക്ഷണത്തോട് ബന്ധപ്പെട്ട് 'വേണ്ട' എന്ന് പറയുന്നത് വഴി പ്രലോഭനങ്ങളോടും തിന്മകളോടും 'നോ' പറയാനുള്ള ഇച്ഛാശക്തി കൂടുതൽ ബലപ്പെടുത്തുകയാണ്. പ്രാർത്ഥനയാലും ഉപവാസത്താലും ആണ് തിന്മയുടെ പ്രലോഭനങ്ങളെ അതിജീവിക്കുന്നത് എന്ന് യേശു തന്റെ ജീവിതത്തിലൂടെയും വാക്കുകളിലൂടെയും നമുക്ക് തെളിയിച്ചു തന്നതും ഓർക്കാം .

3. നോമ്പ് ഉപഭോഗ സംസ്കാരത്തിനെതിരെ ഒരു ലളിത ജീവിത പരിശീലനം നൽകുകയും ചെയ്യുന്നു. മനുഷ്യ ജീവിതത്തിന് അത്യാവശ്യമുള്ളവയിൽ ശ്രദ്ധിക്കുവാൻ സഹായിക്കുന്ന നോമ്പിനെ ജീവിതത്തെ അടിമപ്പെടുത്തുന്ന ഉപഭോഗ സംസ്കാരത്തിനെതിരെയുള്ള ഒരു ആയുധമായി പ്രയോജനപ്പെടുത്താം. സന്തോഷത്തിനും വിജയത്തിനും ആവശ്യമായ മിതത്വവും ലാളിത്യവും പരിശീലിപ്പിക്കുന്ന നോമ്പ് എത്ര അനുഗ്രഹമാണ്. പ്രകൃതിയുടെ ആരോഗ്യം നശിപ്പിക്കുന്ന അത്യാഡംബര സംസ്കാരത്തിന് എതിരെയുള്ള മരുന്നായും നോമ്പിനെയും ഉപവാസത്തെയും മനസ്സിലാക്കാം.

4. നോമ്പ് ജീവകാരുണ്യത്തിനുള്ള പ്രത്യേക അവസരവും ആണ്. ഭക്ഷണവും പണവും മിച്ചം വെച്ച് അത് അവഗണിക്കപ്പെട്ടവർക്കും ദരിദ്രർക്കും പങ്കുവെക്കണം എന്നത് നോമ്പിലെ ഒരു പ്രധാന ഉത്തരവാദിത്വം ആണല്ലോ (യെശയ്യാവ് 58:6-7).

5. ശാരീരിക ക്ഷേമത്തിനും ഉപവാസവും നോമ്പും സഹായകരമാണ്. ദോഷകരമായ പല ഘടകങ്ങളും ശരീരത്തിൽ നിന്ന് മാറ്റി ശരീരത്തിന് പുതുക്കവും സൗഖ്യവും നൽകുന്നതിൽ ഉപവാസം നിർണായകമായ പശ്ചാത്തലം ഒരുക്കുന്നുണ്ട്. കോശങ്ങളുടെ പുതുക്കം സംബന്ധമായ 'ഓട്ടോഫജി' ഉപവാസത്തിലൂടെ ആണല്ലോ രൂപപ്പെടുന്നത്. ശാരീരിക സൗഖ്യത്തിന് ഉള്ള പ്രാണിക് എനർജി പ്രചോദിപ്പിക്കപ്പെടുന്നത് ഉപവാസത്തിലൂടെയാണ്.

വേദ പുസ്തകം പറയുന്നത് അനുസരിച്ച് ഏറ്റവും അധികം - 40 ദിവസം വീതം - ഉപവാസം എടുത്തവരാണ് മോശയും ഏലിയാവും യേശുവും. ഇവർ മൂന്നു പേരുമാണല്ലോ ഏറ്റവും അധികം തേജസ്സിൽ മറുരൂപമലയിൽ കാണപ്പെടുന്നത്.

ഈജിപ്തിൽ നിന്ന് മോചിതരായി വാഗ്ദത്ത നാട്ടിലേക്ക് ഇസ്രായേൽക്കാർ യാത്ര നടത്തിയത് മരുഭൂമിയിലൂടെ ആയിരുന്നല്ലോ. പുറമെയുള്ള ആസ്വാദനവും ഭക്ഷണവും ദുർല്ലഭമാകുന്ന മരുഭൂമിപോലുള്ള നോമ്പ് ആന്തരീക മനുഷ്യന്റെ രോഗങ്ങൾ കണ്ടു അനുതാപചികിൽസ നടത്തുവാനും ദൈവീകരിക്കുന്ന അദൃശ്യനായ ദൈവത്തിന്റെ സ്നേഹവും ശക്തിയും അനുഭവിച്ചറിയാനും ഏറെ സഹായകരമാണ്. നോമ്പിലൂടെയുള്ള യാത്ര ദൈവരാജ്യത്തിന്റെയും തേജസ്കരണത്തിന്റെയും സന്തോഷത്തിലേക്കും ജീവിതസാക്ഷാത്കാരത്തിലേക്കും നയിക്കുന്നതാകട്ടെ. ഉപവാസത്തിലൂടെയും അനുതാപത്തിലൂടെയും കൂടുതലായ വേദവയനകളിലൂടെയും പ്രാർഥനകളിലൂടെയും ഉള്ള ഈ നോമ്പുയാത്ര ദൈവീകരണത്തിന്റെ വാഗ്ദത്ത ഭൂമിയിലേക്കാണെന്നത് സന്തോഷവും പ്രത്യാശയും പകരുന്നതാണ്. ഈ ഫലപ്രാപ്തി ഭൗമിക ജീവിതത്തിൽ വെച്ചുതന്നെ സാധ്യമാകുന്നു എന്നതിന്റെ ഓർമ്മപ്പെടുത്തൽ ആകട്ടെ വലിയ നോമ്പിന്റെ പരിസമാപ്തിയിലെ ഏറ്റവും സന്തോഷകരമായ ഉയർപ്പ് പെരുന്നാളിന്റെ അനുഭവം.



മികച്ച കോളജിനുള്ള പുരസ്കാരം സുൽത്താൻബത്തേരി സെന്റ് മേരീസ് കോളജിന്

?സുൽത്താൻ ബത്തേരി: തിരഞ്ഞെടുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങളിലും ജനാധിപത്യ മൂല്യങ്ങൾ പ്രചരിപ്പിക്കുന്നതിലും മികച്ച പ്രകടനം കാഴ്ചവെച്ച കോളജിനുള്ള ജില്ലാ ഭരണകൂടത്തിന്റെ പുരസ്കാരം സുൽത്താൻ ബത്തേരി സെന്റ് മേരീസ് കോളജിന്. വയനാട് ജില്ലാ ഭരണകൂടവും സ്വീപ്പും (SVEEP) സംയുക്തമായാണ് അവാർഡ് നൽകിയത്.

?തിരഞ്ഞെടുപ്പ് ചക്രത്തിനിടയിൽ വോട്ടർ ബോധവൽക്കരണം, ജനാധിപത്യ പങ്കാളിത്തം, ഇലക്ടറൽ ലിറ്ററസി ക്ലബ്ബുകളുടെ പ്രവർത്തനം എന്നിവയിൽ സെന്റ് മേരീസ് കോളേജ് നടത്തിയ മാതൃകാപരമായ പ്രവർത്തനങ്ങളാണ് പുരസ്കാരത്തിന് അർഹമാക്കിയത്. കോളജ് നടപ്പിലാക്കിയ നൂതനമായ കാമ്പെയ്നുകളും ക്രോഡീകരണവും പൗരബോധമുള്ള തലമുറയെ വാർത്തെടുക്കുന്നതിൽ വലിയ പങ്ക് വഹിച്ചതായി ജില്ലാ ഭരണകൂടം വിലയിരുത്തി.


?വയനാട് ജില്ലാ കളക്ടറും ജില്ലാ ഇലക്ഷൻ ഓഫീസറുമായ മേഘശ്രീ ഡി. ഐ.എ.എസ്, അസിസ്റ്റന്റ് കളക്ടറും സ്വീപ്പ് നോഡൽ ഓഫീസറുമായ അർച്ചന പി. പി. ഐ.എ.എസ്. എന്നിവർ ഒപ്പിട്ട പ്രശംസാപത്രമാണ് കോളജിന് സമ്മാനിച്ചത്.



കൽക്കട്ടാ ഭദ്രാസനത്തിലെ വൈദികർ ഭദ്രാസന മെത്രാപ്പോലീത്താ ഡോ. അലക്സിയോസ് മാർ യൗസേബിയോസിനോടും സണ്ടേസ്കൂൾ ഡയറക്ടർ ജനറൽ ഫാ. ഡോ. വർഗീസ് വർഗീസിനോടുമൊപ്പം.



വെണ്മണി ലോഹ്യ മെമ്മോറിയൽ ഹൈസ്കൂളിന്റെ നവീകരിച്ച ഓഫീസിന്റെയും അനുബന്ധ കെട്ടിടങ്ങളുടെയും കൂദാശ കർമ്മം ഭക്തിനിർഭരമായ ചടങ്ങുകളോടെ പൂർത്തിയായി. കാതോലിക്കേറ്റ് & എം.ഡി സ്കൂൾസ് കോർപ്പറേറ്റ് മാനേജർ സഖറിയ മാർ സേവേറിയോസ് മെത്രാപ്പോലീത്താ കൂദാശാകർമ്മത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. സാമുവൽ കുറ്റിക്കാട്ട് കോറപ്പിസ്കോപ്പാ, വെണ്മണി തീർത്ഥാടന ദേവാലയം വികാരി ഫാദർ ജാൽസൺ പി. ജോർജ് എന്നിവർ സഹകാർമ്മികരായിരുന്നു.



മലങ്കര ഓർത്തഡോക്സ് സഭയുടെ നവമാധ്യമ സുവിശേഷം ഒരു പതിറ്റാണ്ട് പിന്നിടുമ്പോൾ

വിമൽ വളയൻചിറങ്ങര ബ്രിട്ടൻ



‘സുവിശേഷം പ്രഘോഷിക്കാതിരിക്കുന്ന ക്രിസ്ത്യാനി ദൈവത്തിന്റെ ദാനങ്ങൾ മറ്റുള്ളവരിലേക്കു വർഷിക്കപ്പെടുന്നതിനെ തടയുന്നു.’

‘നിങ്ങൾ ലോകമെങ്ങും പോയി എല്ലാ സൃഷ്ടികളോടും എന്റെ സുവിശേഷം പ്രസംഗിക്കുവിൻ’ എന്നു കൽപ്പിച്ച നമ്മുടെ രക്ഷകനും നാഥനുമായ ക്രിസ്തുവിനെ പ്രഘോഷിച്ച്; കഴിഞ്ഞ ഒരു പതിറ്റാണ്ടായി ഇടവേളകളില്ലാതെ എല്ലാ ദിവസവും ബ്രഹ്മമുഹൂർത്തത്തിൽ തന്നെ; ഓർത്തഡോക്സ് ജനവിഭാഗങ്ങളുള്ള, ലോകത്തിന്റെ എല്ലാ രാജ്യങ്ങളിലും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അങ്കമാലി ഭദ്രാസന ഇടയൻ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ തിരുമേനിയുടെ വചനപ്രഘോഷണം നവമാധ്യമങ്ങളിലൂടെ എത്തുന്നു.

ക്രൈസ്തവ സുവിശേഷത്തിന്റെ ആരംഭകാലം മുതൽ അത്, നൂതന സാങ്കേതികവിദ്യയോട് വിവേചനം പുലർത്തിയിരുന്നില്ല. ആയതിനാൽ തന്നെ അതാത് കാലത്ത് ലഭ്യമായ എല്ലാ സാങ്കേതികവിദ്യയുടെയും സഹായത്താൽ നമ്മുടെ കർത്താവിന്റെ പ്രേക്ഷിതവേല തുടർന്നു. അച്ചടി മാധ്യമം, ഇലക്ട്രോണിക് മാധ്യമം, റെഡിയോ, ടെലിവിഷൻ, ഇന്ന് സോഷ്യൽ മീഡിയ.... എല്ലാം അതിന്റെ ഭാഗമായി വന്നു.

നവമാധ്യമം ഇന്ന് ലോകത്തിൽ കെട്ടുകേൾവിയില്ലാത്ത രീതിയിൽ ശ്രദ്ധ പിടിച്ചുപറ്റുന്ന കാലമാണ്. ഈ നവമാധ്യമത്തിന്റെ സാധ്യത ആദ്യം തന്നെ തിരിച്ചറിഞ്ഞ്, അത് വിശേഷ്യാ സഭയിലെ യുവതിയുവാക്കളെ സ്വാധീനിക്കുമെന്ന് വളരെ മുൻകുട്ടി കണ്ട്, അവരെ സഭയുടെ വിശ്വാസതട്ടിൽ എക്കാലവും, അവർ എവിടെയാണെങ്കിലും നിലനിർത്തണമെന്ന ദീർഘവീക്ഷണത്താൽ, പോളിക്കാർപ്പോസ് മെത്രാപ്പോലിത്താ 2016-ലെ വലിയനോമ്പ് കാലത്ത് ആ നോമ്പ്കാലത്തേക്ക് മാത്രം തുടങ്ങിയ ഒരു പ്രേക്ഷിതപ്രവർത്തനമായിരുന്നു, തിരുവചന പഠനം എന്നപേരിലുള്ള എല്ലാ ദിവസവുമുള്ള വചനപ്രഘോഷണം. എന്നാൽ, ആ കാലയളവിൽ അതിനു ലഭിച്ച അഭൂതപൂർവമായ പ്രതികരണം, ആ വചന പ്രഘോഷണം വീണ്ടും തുടർന്ന് പൊകുവാൻ പ്രചോദനമായി.

ഇന്ന് ആ ഉദ്യമം ഒരു പതിറ്റാണ്ട് കടക്കുമ്പോൾ അത് ലോകത്തിലെ ഒരു മഹാപുരോഹിതൻ നടത്തുന്ന ഏറ്റവും ശ്രദ്ധേയമായ ഒരു പ്രേക്ഷിതപ്രവർത്തനത്തിന്റെ ഭാഗമായി വരുന്നു. അമേരിക്കൻ ഐക്യനാടുകളിലെ ചില നവ സുവിശേഷകരൊഴികെ മറ്റാരും ഇത്ര കാലങ്ങളായി നിരന്തരമായി നവ മാധ്യമങ്ങളുടെ സാധ്യത മനസിലാക്കി അത് ഉപയോഗിച്ചിട്ടില്ല. ഇന്ന് നമ്മുടെ യുവതലമുറ നല്ലൊരു ശതമാനവും സഭയുടെ ചട്ടക്കൂട് അത്ര കണ്ട് ലഭ്യമല്ലാത്ത വിദേശത്തേക്ക് മാറ്റപ്പെടുന്ന സാഹചര്യത്തിൽ ഇതിന്റെ പ്രാധാന്യം ഏറ്റവും വർധിക്കുന്നു.

എല്ലാ ദിവസവും ബ്രഹ്മമുഹൂർത്തത്തിൽ (അതാത് രാജ്യത്തിന്റെ സമയത്ത്) തിരുമേനിയുടെ അനുദിന ചിന്തകൾ അതാതു ദിവസത്തിൽ ചിന്തിക്കേണ്ടതും, ധ്യാനിക്കേണ്ടതുമായ ഒരു വിഷയം, അത് ഈ ഭൂമിയിലെ ഒട്ടുമിക്ക രാജ്യങ്ങളിലും എത്തുന്നു. ജാതിമത വ്യത്യാസമെന്യേന വിശ്വാസികൾ അത് കേൾക്കുന്നു.

എല്ലാ ദിവസവും ബ്രഹ്മമുഹൂർത്തത്തിൽ (അതാത് രാജ്യത്തിന്റെ സമയത്ത്) തിരുമേനിയുടെ അനുദിന ചിന്തകൾ അതാതു ദിവസത്തിൽ ചിന്തിക്കേണ്ടതും, ധ്യാനിക്കേണ്ടതുമായ ഒരു വിഷയം, അത് ഈ ഭൂമിയിലെ ഒട്ടുമിക്ക രാജ്യങ്ങളിലും എത്തുന്നു. ജാതിമത വ്യത്യാസമെന്യേന വിശ്വാസികൾ അത് കേൾക്കുന്നു. രണ്ടായിരം വർഷങ്ങൾക്ക് മുമ്പ് ക്രിസ്തു തന്റെ അവസാന കല്പനയിൽ പറയുന്ന 'നിങ്ങൾ എന്റെ സുവിശേഷം ലോകമെമ്പാടും പ്രചരിപ്പിൻ' എന്ന ക്രൈസ്തവ വീക്ഷണം പോളിക്കാർപ്പോസ് തിരുമേനിയിലൂടെ പ്രകാശപൂരിതമാകുന്നു.

അഭി. യൂഹാനോൻ മാർ പോളിക്കാർപ്പോസ് മെത്രാപ്പോലിത്തായ്ക്ക് പ്രാർത്ഥനാശംസകൾ....

❑

വേദപുസ്തകത്തിലെ സ്ത്രീ കഥാപാത്രങ്ങൾ

സേരെശ്

സിസ്റ്റർ മേരി OSM
(ബേത്‌ലഹേം ദയറ കിഴക്കമ്പലം)



ഒരു യഥാർത്ഥ വിശ്വാസിയുടെ ജീവിതത്തിൽ ബുദ്ധിയോടൊപ്പം ദൈവഭയവും വിനയവും ഉണ്ടായിരിക്കണം. മനുഷ്യ ബുദ്ധിയെക്കാൾ ഉയർന്നതാണ് ദൈവത്തിന്റെ ജ്ഞാനം. വിശ്വാസത്തോടും നീതിയോടും ചേർന്ന ഉപദേശങ്ങളാണ് ഒരു ജീവിതത്തെ മാത്രമല്ല, തലമുറകളെയും അനുഗ്രഹത്തിലേക്ക് നയിക്കുന്നത്.



ബൈബിളിലെ എസ്ഥേറിന്റെ പുസ്തകത്തിൽ ദൈവത്തിന്റെ നാമം നേരിട്ട് പരാമർശിക്കുന്നില്ലെങ്കിലും ഇതിൽ എസ്ഥേർ, മൊർദ്ദെഖായി, ഹാമാൻ എന്നീ പ്രധാന വ്യക്തികളോടൊപ്പം, പുറമേ ചെറിയതായി തോന്നുന്ന ചില വ്യക്തികളും വലിയ സ്വാധീനം ചെലുത്തുന്നുണ്ട്. അത്തരത്തിൽ ശ്രദ്ധേയമായ ഒരു സ്ത്രീയാണ്, ഹാമാന്റെ ഭാര്യയായ സേരെശ്. അവളുടെ പേര് കുറച്ച് വാക്യങ്ങളിൽ മാത്രമേ ബൈബിളിൽ കാണപ്പെടുന്നുള്ളുവെങ്കിലും, അവൾ നൽകിയ ഒരു ഉപദേശം തന്നെ ഒരു കുടുംബത്തിന്റെയും ഒരു സാമ്രാജ്യത്തിന്റെയും ചരിത്രധാരയെ മാറ്റിമറിക്കുന്ന സംഭവങ്ങളിലേക്ക് നയിച്ചു. മൊർദ്ദേഖായി ഹാമാനെ നമസ്കരിക്കാതിരുന്നതിലൂടെ ആരംഭിച്ച വൈരാഗ്യം, സേരെശിന്റെ വാക്കുകളിലൂടെ കൂടുതൽ ശക്തമായി വളർന്നു. ഭർത്താവിന്റെ അഹങ്കാരവും പ്രതികാരചിന്തയും ശമിപ്പിക്കാതെ, അവൾ അതിനെ പിന്തുണച്ചതും പ്രോത്സാഹിപ്പിച്ചതും വലിയ ദുരന്തങ്ങൾക്ക് വഴിയൊരുക്കി. തെറ്റായ ചിന്തകളും ദൈവഭയമില്ലാത്ത ഉപദേശങ്ങളും ഒരു മനുഷ്യനെ മാത്രമല്ല, ചുറ്റുമുള്ളവരെയും എങ്ങനെ നാശത്തിലേക്ക് നയിക്കുമെന്ന് സേരെശിന്റെ ജീവിതം വ്യക്തമായി കാണിക്കുന്നു.

അതുകൊണ്ട്, സേരെശ് ഒരു സാധാരണ വ്യക്തിത്വമല്ല, മറിച്ച് തെറ്റായ ഉപദേശത്തിന്റെ, അഹങ്കാരത്തിന്റെ, ആത്മീയ അജ്ഞതയുടെ പ്രതീകമാണ്. അവളുടെ ജീവിതവും തീരുമാനങ്ങളും നമ്മെ ഇന്നും ചോദ്യം ചെയ്യുന്നു: നമ്മുടെ വാക്കുകൾ മറ്റുള്ളവരുടെ ജീവിതത്തെ എങ്ങനെയാണ് സ്വാധീനിക്കുന്നത്? നാം നൽകുന്ന ഉപദേശം ദൈവത്തിന്റെ ഇഷ്ടത്തോടൊത്തതാണോ, അതോ മനുഷ്യ അഹങ്കാരത്തിൽ നിന്നുള്ളതാണോ? ഈ പശ്ചാത്തലത്തിലാണ് സേരെശിന്റെ സവിശേഷതകൾ നാം ആഴത്തിൽ മനസിലാക്കേണ്ടത്.

1. അഹങ്കാരത്തെ പോഷിപ്പിച്ച ഭാര്യ

ഹാമാൻ പാർസ്യ സാമ്രാജ്യത്തിലെ രാജാവായ അഹശ്വേരോശിന്റെ കീഴിൽ വലിയ അധികാരവും സ്ഥാനവും കൈവശം വച്ചിരുന്ന ഒരാളായിരുന്നു. രാജാവിന്റെ ഉത്തരവുപ്രകാരം എല്ലാവരും അവനെ നമസ്കരിക്കേണ്ടതായിരുന്നുവെങ്കിലും യഹൂദനായ മൊർദ്ദേഖായി അതിന് തയ്യാറായില്ല. ഈ ഒരു കാര്യമാണ് ഹാമാന്റെ ഹൃദയത്തിൽ ആഴമുള്ള കോപവും അസഹിഷ്ണുതയും വളർത്തിയത്. ഒരു മനുഷ്യന്റെ സ്വാഭിമാനത്തേക്കാൾ അധികം, അവന്റെ അഹങ്കാരമാണ് ഈ സംഭവത്തിൽ വേദനപ്പെട്ടത്.

ഈ ഘട്ടത്തിൽ ഹാമാനെ ശാന്തമാക്കുകയോ, പ്രശ്നത്തെ വിവേകപൂർവ്വം സമീപിക്കാൻ പ്രേരിപ്പിക്കുകയോ ചെയ്യേണ്ടത് സേരെശിന്റെ ഉത്തരവാദിത്വമായിരുന്നു. എന്നാൽ ഒരു ഭാര്യ എന്ന നിലയിൽ ഭർത്താവിനെ സത്യത്തിലേക്കോ നീതിയിലേക്കോ നയിക്കേണ്ട അവൾ, അതിന് വിപരീതമായ വഴിയാണ് തെരഞ്ഞെടുത്തത്. മൊർദ്ദേഖായിയുടെ പ്രവൃത്തിയുടെ പിന്നിലെ ആത്മീയ കാരണം അവൾ മനസ്സിലാക്കാൻ ശ്രമിച്ചില്ല; മറിച്ച് അതിനെ വ്യക്തിപരമായ അപമാനമായി മാത്രം കണ്ടു.

ഹാമാന്റെ ഉയർന്ന പദവിയും രാജാവിനോടുള്ള അടുപ്പവും അവൾക്ക് ശക്തി എല്ലാം ചെയ്യാൻ കഴിയുന്ന ഒരു അവകാശം പോലെയായി തോന്നി. “നീ ഇത്രയും വലിയ അധികാരിയല്ലേ?” എന്ന ചിന്തയിലൂടെ അവൾ അവന്റെ അഹങ്കാരത്തെ ചോദ്യം ചെയ്യാതെ, മറിച്ച് അത് ന്യായീകരിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്തു. അധികാരം ഉണ്ടായാൽ അതുപയോഗിച്ച് ശത്രുവിനെ ഇല്ലാതാക്കാം എന്ന ആശയം അവളുടെ മനസ്സിൽ തെറ്റല്ല, മറിച്ച് ശരിയായ പ്രതികരണമെന്ന നിലയിലേക്കാണ് മാറിയത്. അതിനാൽ തന്നെ പ്രശ്നം പരിഹരിക്കാൻ ക്ഷമ, സംയമനം, അല്ലെങ്കിൽ നീതി അന്വേഷിക്കൽ എന്നിവ അവൾ പരിഗണിച്ചില്ല; വ്യക്തിപരമായ അപമാനത്തിന് ശക്തിയോടെ മറുപടി നൽകുക എന്ന പ്രതികാരചിന്തയാണ് അവളുടെ മനസ്സിൽ മുൻതൂക്കം നേടിയത്.

സേരെശിന്റെ ഈ സമീപനം നമ്മെ ഒരു ഗൗരവമായ സത്യത്തിലേക്ക് നയിക്കുന്നു. അഹങ്കാരം നിയന്ത്രിക്കപ്പെടാതെ പോയാൽ, അത് ക്രൂരതയിലേക്കും അനീതിയിലേക്കും വഴിതിരിക്കും. ഹാമാന്റെ ഉള്ളിലെ തീ അണയ്ക്കുന്നതിനു പകരം, അതിൽ എണ്ണ ചേർത്തത് സേരെശായിരുന്നു. ഒരു ഭാര്യയായി അവൾ ഭർത്താവിന്റെ മനസ്സിൽ ശാന്തിയും വിവേകവും വളർത്തേണ്ടതിന്നു പകരം, അവന്റെ വീഴ്ചയ്ക്ക് അടിത്തറയിട്ടതായി ഈ സംഭവങ്ങൾ വ്യക്തമാക്കുന്നു.

2. ക്രൂര ഉപദേശത്തിന്റെ ഉറവിടം

എസ്ഥേർ 5:14-ൽ സേരെശിന്റെ സ്വഭാവവും ചിന്താധാരയും അത്യന്തം വ്യക്തമായി വെളിപ്പെടുന്നു. മൊർദ്ദേഖായിയെ വെറുക്കുന്നവിധം ഹാമാന്റെ മനസ്സിൽ വളർന്ന കോപത്തിന് അവൾ അതിക്രൂരമായ ഒരു പരിഹാരമാണ്

നിർദേശിക്കുന്നത്. മൊർദ്ദേഖായിയെ തൂക്കിക്കൊല്ലാൻ അമ്പതു മുഴം ഉയരമുള്ള കഴു നിർമ്മിക്കാൻ അവൾ ഹാമാനോട് പറയുന്നു. സാധാരണ ശിക്ഷയെക്കാൾ വലിപ്പവും ഭീതിയും ഉളവാക്കുന്ന ഈ നിർദേശം, പ്രതികാരചിന്ത എത്ര ആഴത്തിൽ അവളുടെ മനസ്സിൽ വേരൂന്നിയിരുന്നുവെന്ന് വ്യക്തമാക്കുന്നു.

ഈ ഉപദേശം ഒരു ക്ഷണികമായ വികാരപ്രകടനമല്ല; മറിച്ച്, മുൻകൂട്ടി ആലോചിച്ചുള്ള ക്രൂരമായ പദ്ധതിയായിരുന്നു. പ്രശ്നത്തിന് സമാധാനപരമായ ഒരു മാർഗം കണ്ടെത്താനോ, മൊർദ്ദേഖായിയുടെ നിലപാട് മനസ്സിലാക്കാനോ സേരെശ് ശ്രമിച്ചില്ല. നീതിയും മാനുഷികതയും അവളുടെ ചിന്തയിൽ ഇടം പിടിച്ചില്ല. ഹാമാന്റെ അധികാരവും രാജാവിനോടുള്ള അടുപ്പവും ഉപയോഗിച്ച് ശത്രുവിനെ പൂർണ്ണമായി ഇല്ലാതാക്കുക എന്നതാണ് അവൾ കണ്ട ഏക പരിഹാരം.

കൂടാതെ, ഈ നിർദേശത്തിലൂടെ സേരെശിന്റെ മനസ്സിൽ ഉണ്ടായിരുന്നത് കൊല മാത്രം ലക്ഷ്യമാക്കിയതല്ല, മറിച്ച് പൊതുസമൂഹത്തിന്റെ മുമ്പിൽ മൊർദെഖായിയെ പൂർണ്ണമായി അപമാനിക്കണം എന്ന ക്രൂര ഉദ്ദേശവുമായിരുന്നു. അവൾ നിർദേശിച്ച അമ്പതു മുഴം ഉയരമുള്ള കഴുമരം ഒരു സ്വകാര്യ ശിക്ഷയ്ക്കല്ല, എല്ലാവർക്കും കാണാവുന്ന ഒരു ഭീകര പ്രദർശനത്തിനാണ്. അങ്ങനെ മൊർദ്ദേഖായിയുടെ മരണം ഹാമാന്റെ അധികാരത്തിന്റെ പ്രകടനമായും, അവനെ അപമാനിച്ചവർക്കുള്ള മുന്നറിയിപ്പായും മാറണം എന്നായിരുന്നു അവളുടെ ലക്ഷ്യം. ജീവൻ എടുത്തുകളയുന്നത് മാത്രം അവൾക്ക് മതിയായില്ല; മൊർദ്ദേഖായിയുടെ മാനവും സ്ഥാനവും സമൂഹത്തിന്റെ കണ്ണിൽ തകർക്കപ്പെടണം എന്ന പ്രതികാരബുദ്ധിയാണ് അവളുടെ നിർദേശത്തിന് പിന്നിൽ പ്രവർത്തിച്ചത്.

സേരെശിന്റെ ഉപദേശം നമ്മെ ഒരു ഗൗരവമായ ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു: നീതിയില്ലാത്ത ബുദ്ധി ക്രൂരതയായി മാറും. ക്ഷമയും ദൈവഭയവും ഇല്ലാത്ത ഉപദേശങ്ങൾ, മനുഷ്യരെ നാശത്തിലേക്കാണ് നയിക്കുക. ഹാമാന്റെ കോപത്തെ നിയന്ത്രിക്കുന്നതിന് പകരം, അതിനെ ക്രൂരതയിലേക്ക് തള്ളിവിട്ടത് സേരെശിന്റെ ഈ നിർദേശമായിരുന്നു. അതുവഴി, അവൾ തന്നെ ഒരു ദുരന്തത്തിന്റെ ഉറവിടമായി മാറി.

3. ദൈവിക പദ്ധതിയെ തിരിച്ചറിയാൻ കഴിയാത്ത മനസ്സ്

സേരെശിന്റെ ചിന്താധാരയെ ആഴത്തിൽ പരിശോധിക്കുമ്പോൾ, അവൾ മനുഷ്യബുദ്ധിയിലും താൽക്കാലിക അധികാരത്തിലും മാത്രമാണ് ആശ്രയിച്ചിരുന്നതെന്ന് വ്യക്തമായി കാണാം. രാജസദസ്സിലെ ഹാമാന്റെ ഉയർന്ന സ്ഥാനം, രാജാവിന്റെ വിശ്വാസം, രാഷ്ട്രീയ സ്വാധീനം ഇവയെല്ലാം അവൾക്ക് സ്ഥിരവും ഉറപ്പുള്ളതുമായ ശക്തികളായി തോന്നി. ഈ മനുഷ്യകേന്ദ്രമായ കാഴ്ചപ്പാടിൽ ദൈവത്തിന്റെ ഇടപെടലിനോ, അവന്റെ സർവ്വാധിപത്യത്തിനോ അവൾ ഇടം കൊടുത്തില്ല.

ദൈവം തന്റെ ജനത്തെ ഏത് സാഹചര്യത്തിലും സംരക്ഷിക്കുന്നുവെന്ന സത്യം സേരെശ് മനസ്സിലാക്കിയിരുന്നില്ല. മൊർദ്ദേഖായി ഒരു സാധാരണ വ്യക്തിയല്ല; ദൈവത്തിന്റെ നിയമത്തിൽ ഉറച്ചു നിന്ന ഒരു യഹൂദനായിരുന്നു എന്ന ആത്മീയ യാഥാർത്ഥ്യം അവൾ അവഗണിച്ചു. ദൈവത്തിന്റെ ഉദ്ദേശങ്ങൾ മനുഷ്യന്റെ കണക്കുകൂട്ടലുകളെക്കാൾ വലുതും ആഴമുള്ളതുമാണെന്ന സത്യം അവളുടെ ചിന്തയിൽ ഒരിക്കലും ഉയർന്നില്ല.

സേരെശിന്റെ ഉപദേശങ്ങൾ ദൈവിക പദ്ധതിക്ക് നേരെ നിലകൊണ്ടവയായിരുന്നു. ദൈവം ഉയർത്തിയ ഒരാളെ മനുഷ്യന്റെ ശക്തിയാൽ തകർക്കാമെന്ന തെറ്റായ ധാരണയിലാണ് അവൾ പ്രവർത്തിച്ചത്. എന്നാൽ ബൈബിൾ മുഴുവനും നമ്മെ പഠിപ്പിക്കുന്നത് ഇതാണ്, ദൈവത്തിന്റെ പദ്ധതിക്കെതിരെ ഉയരുന്ന ഏതു മനുഷ്യബുദ്ധിയും അവസാനം സ്വയം തകർന്നു വീഴും. സേരെശിന്റെ ജീവിതത്തിൽ ഈ സത്യം വളരെ വേഗത്തിൽ തെളിയിക്കപ്പെട്ടു.

അവൾ കണ്ടത് താൽക്കാലിക വിജയം മാത്രമായിരുന്നു; എന്നാൽ ദൈവം ഒരുക്കിയിരുന്നത് ദീർഘകാലമായ മാറ്റങ്ങളായിരുന്നു. മനുഷ്യന്റെ ശക്തിയിൽ മാത്രം അധിഷ്ഠിതമായ ഉപദേശങ്ങൾ എത്ര ബുദ്ധിയുള്ളതായി തോന്നിയാലും, ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായാൽ അവ തിരിച്ചടിയായി മാറും. സേരെശിന് തിരിച്ചറിയാൻ കഴിയാതെ പോയ ഈ ദൈവിക യാഥാർത്ഥ്യമാണ് അവളെയും അവളുടെ കുടുംബത്തെയും ദുരന്തത്തിലേക്ക് നയിച്ചത്.

4. വൈകിയുള്ള തിരിച്ചറിവ്

എസ്ഥേർ 6:13-ൽ സംഭവിക്കുന്ന ഒരു ചെറിയ സംഭാഷണം സേരെശിന്റെ മനോഭാവത്തിൽ ഉണ്ടായ വലിയ മാറ്റം വ്യക്തമാക്കുന്നു. രാജാവിന്റെ കല്പന പ്രകാരം, ഹാമാൻ തന്നെ വെറുത്തിരുന്ന മൊർദ്ദേഖായിയെ നഗരവീഥികളിലൂടെ ബഹുമാനത്തോടെ നടത്തേണ്ടിവന്നതോടെ, ഹാമാൻ അതീവ അപമാനിതനും മനസ്സ് തകർന്നവനുമായി വീട്ടിലേക്ക് മടങ്ങി. തന്റെ ഈ ലജ്ജാകരമായ അനുഭവം അവൻ ഭാര്യയായ സേരെശിനോടും സുഹൃത്തുകളോടും പറഞ്ഞു.

ഈ ഘട്ടത്തിലാണ് സേരെശിന്റെ വാക്കുകൾ ശ്രദ്ധേയമാകുന്നത്. മുമ്പ് ക്രൂരതയും അഹങ്കാരവും നിറഞ്ഞ ഉപദേശങ്ങൾ നൽകിയ അവൾ, മൊർദ്ദേഖായി യഹൂദനാണെന്ന് അറിഞ്ഞപ്പോൾ, നീ അവനെ ജയിക്കയില്ല. അവനോട് തോറ്റു പോകെയുള്ളു എന്നു പറഞ്ഞു. ദൈവത്തിന്റെ ജനത്തിനെതിരെ നിലകൊള്ളുന്നത് അപകടകരമാണെന്ന സത്യം അവൾ അപ്പോഴാണ് തിരിച്ചറിയുന്നത്. എന്നാൽ ഈ തിരിച്ചറിവ് സംഭവങ്ങളുടെ തുടക്കത്തിൽ ഉണ്ടായിരുന്നെങ്കിൽ, പല ദുരന്തങ്ങളും ഒഴിവാക്കാനാകുമായിരുന്നു.

സേരെശിന്റെ ഈ വാക്കുകൾ, അവളുടെ മുൻകാല ആത്മവിശ്വാസത്തിന്റെയും അഹങ്കാരത്തിന്റെയും പൂർണ്ണമായ തകർച്ചയെയാണ് സൂചിപ്പിക്കുന്നത്. മനുഷ്യശക്തിയിൽ മാത്രം ആശ്രയിച്ചിരുന്ന അവളുടെ കണക്കുകൂട്ടലുകൾ ദൈവത്തിന്റെ ഇടപെടലിന് മുന്നിൽ നിലനിൽക്കാതെ പോയി. അവൾ ഒരിക്കൽ ന്യായീകരിച്ച അതേ ഉപദേശം മൊർദ്ദേഖായിയെ ഇല്ലാതാക്കാനുള്ള പദ്ധതി ഇപ്പോൾ അവളുടെ തന്നെ ഭർത്താവിന്റെ നാശത്തിലേക്കാണ് വഴിതിരിഞ്ഞത്.

ഈ സംഭവത്തിലൂടെ ബൈബിൾ നമ്മെ ഒരു ഗൗരവമായ സത്യം പഠിപ്പിക്കുന്നു. ദൈവിക സത്യം തിരിച്ചറിയാൻ വൈകിയാൽ, അതിന്റെ ഫലം ഒഴിവാക്കാനാകില്ല. സേരെശ് തെറ്റായ സമയത്ത് ശരിയായ കാര്യം മനസ്സിലാക്കിയ ഒരാളായി മാറി. അവൾ നൽകിയ തെറ്റായ ഉപദേശങ്ങളുടെ ഫലം അവൾ തന്നെ അനുഭവിക്കേണ്ടിവന്നു. അതിനാൽ, സത്യം തിരിച്ചറിയുന്നതിന് മുമ്പ് തന്നെ വിനയവും ദൈവഭയവും സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ഈ ഭാഗം നമ്മെ ജാഗ്രതപ്പെടുത്തുന്നു.

സേരെശിന്റെ ജീവിതവും അവൾ നൽകിയ ഉപദേശങ്ങളും നമ്മെ ഒരു ഗൗരവമുള്ള ആത്മീയ സത്യത്തിലേക്ക് നയിക്കുന്നു. തെറ്റായ ഉപദേശം ഒരാളുടെ ചിന്തയിൽ മാത്രം ഒതുങ്ങുന്നില്ല; അത് കുടുംബത്തെയും സമൂഹത്തെയും ഭാവിയെയും പോലും നശിപ്പിക്കാനുള്ള ശക്തി പുലർത്തുന്നു. ഹാമാന്റെ ജീവിതത്തിൽ സംഭവിച്ച വീഴ്ചകൾ ആകസ്മികമായിരുന്നില്ല; അഹങ്കാരവും പ്രതികാരവും മനുഷ്യബുദ്ധിയിൽ മാത്രം ആശ്രയിച്ച തീരുമാനങ്ങളും ചേർന്നുണ്ടായ ദുരന്തത്തിന്റെ ഫലമായിരുന്നു അത്. ഈ തീരുമാനങ്ങളുടെ പിന്നിൽ സേരെശിന്റെ വാക്കുകൾ നിർണായക പങ്കുവഹിച്ചു.

അധികാരവും സ്ഥാനവും താൽക്കാലികമാണെന്ന സത്യം സേരെശ് തിരിച്ചറിഞ്ഞില്ല. മനുഷ്യരുടെ പ്രശംസയും ശക്തിയും സ്ഥിരമാണെന്ന് കരുതിയപ്പോൾ, ദൈവത്തിന്റെ പദ്ധതിയെ അവൾ അവഗണിച്ചു. ദൈവത്തിന്റെ ഇഷ്ടത്തിന് വിരുദ്ധമായി എടുത്ത ഓരോ തീരുമാനവും, ആദ്യം വിജയമായി തോന്നിയാലും, അവസാനം പരാജയത്തിലേക്കാണ് നയിക്കുന്നത്. ഹാമാന്റെ ജീവിതത്തിൽ നാം കാണുന്നത് ഇതുതന്നെയാണ് അവൻ ഒരുക്കിയ കഴുവിൽ തന്നെയാണ് അവൻ അവസാനത്തിൽ വീണത്. ഇത് ദൈവനീതിയുടെ ഗൗരവമുള്ള മുന്നറിയിപ്പായി മാറുന്നു.

സേരെശിന്റെ ജീവിതം നമ്മെ ഇന്നും ചോദ്യം ചെയ്യുന്നു. നാം നൽകുന്ന ഉപദേശം ഏത് ആത്മാവിൽ നിന്നുള്ളതാണ്? അത് സ്നേഹത്തിലും നീതിയിലും ദൈവഭയത്തിലും ആധാരമിട്ടതാണോ, അതോ അഹങ്കാരത്തിലും പ്രതികാരത്തിലും നിന്നുള്ളതാണോ? മറ്റുള്ളവരുടെ ജീവിതത്തെ നമ്മുടെ വാക്കുകളിലൂടെ നാം പണിയുകയാണോ, തകർക്കുകയാണോ എന്ന ചോദ്യം ഓരോ വ്യക്തിയും ആത്മപരിശോധന നടത്തേണ്ടതാണ്.

അതിനാൽ, ഒരു യഥാർത്ഥ വിശ്വാസിയുടെ ജീവിതത്തിൽ ബുദ്ധിയോടൊപ്പം ദൈവഭയവും വിനയവും ഉണ്ടായിരിക്കണം. മനുഷ്യബുദ്ധിയെക്കാൾ ഉയർന്നതാണ് ദൈവത്തിന്റെ ജ്ഞാനം. വിശ്വാസത്തോടും നീതിയോടും ചേർന്ന ഉപദേശങ്ങളാണ് ഒരു ജീവിതത്തെ മാത്രമല്ല, തലമുറകളെയും അനുഗ്രഹത്തിലേക്ക് നയിക്കുന്നത്. സേരെശിന്റെ പരാജയ ജീവിതം നമ്മെ മുന്നറിയിപ്പോടെ പഠിപ്പിക്കുന്നത് ഇതുതന്നെയാണ് ദൈവത്തിന്റെ ഇഷ്ടത്തോടൊത്ത ഉപദേശങ്ങളാണ് യഥാർത്ഥ വിജയം നൽകുന്നത്. ❑

വചനതീർത്ഥം

വലിയ നോമ്പിലെ രണ്ടാം ഞായറാഴ്ച

(വി. ലൂക്കോസ് 6:27–36)

ഫാ. ബ്രിൻസ് അലക്സ് മാത്യൂസ്
(ഓർത്തഡോക്സ് സെമിനാരി, കോട്ടയം)



സഭയിൽ നിന്നും സമൂഹത്തിൽ നിന്നും അകന്നും അകറ്റിയും നിർത്തിയിരുന്ന അശുദ്ധനെന്ന് സർവ്വരാലും മുദ്രകുത്തപ്പെട്ട് മറവിനുള്ളിൽ അമർന്നു കഴിയുന്ന ഒരു മനുഷ്യൻറെ ചിത്രമാണ് ഇന്നത്തെ സുവിശേഷ ഭാഗത്തുള്ളത്. വളരെ ഹ്യസ്വമായ ഒരു വിവരണം ആണെങ്കിലും ഏറെ തിളക്കമാർന്ന രണ്ട് ചിത്രങ്ങൾ ഇവിടെ മികച്ചുനിൽക്കുന്നു

രോഗിയുടെ ആത്മാവബോധത്തിന്റെ ചിത്രം

സുവിശേഷത്തിലെ ഈ കുഷ്ഠരോഗി മരിച്ചു ജീവിക്കുവാനോ മതിലുകൾക്കുള്ളിൽ ഒതുങ്ങി കഴിയുവാനോ ആഗ്രഹിച്ചില്ല. തനിക്ക് നേരിട്ട് ഇരിക്കുന്ന രോഗത്തെക്കുറിച്ചും അതിന്റെ ഭീകരാവസ്ഥയെക്കുറിച്ച് വളരെ ബോധ്യമുള്ള ഈ മനുഷ്യൻ അതിൽ നിന്നും മോചനം നേടുന്നതിന് തീവ്രമായി ആഗ്രഹിക്കുകയാണ്. തന്റെ പ്രശ്നം പരിഹരിക്കുവാൻ അപേക്ഷിക്കേണ്ടത് എവിടെയെന്നും അയാൾക്ക് നല്ല ബോധ്യമുണ്ടായിരുന്നു നഷ്ടപ്പെട്ടുപോയ ആകാരവും ആത്മീയ ചൈതന്യവും വീണ്ടെടുക്കുവാൻ കഴിവുള്ള കർത്താവിനെ നിറഞ്ഞ ഭക്തിയോടും തികഞ്ഞ വിശ്വാസത്തോടും ആണ് അവൻ സമീപിക്കുന്നത്. പൊതുവിടങ്ങളിൽ വരുവാൻ പാടില്ല എന്നുള്ള നിർദ്ദേശമോ ജനസമ്പർക്കം പാടില്ല എന്നുള്ള താക്കീതോ ഒന്നും കർത്താവിന്റെ അടുക്കൽ എത്തുന്നതിൽ നിന്ന് അയാളെ തടയുന്നില്ല. ഈ തികഞ്ഞ അവബോധമാണ് സൗഖ്യത്തിന് സമാധാനത്തിലേക്ക് ഈ മനുഷ്യനെ കൊണ്ടുവന്നത്.

രോഗാതുരമായ നമ്മുടെ ജീവിത വഴികളിലും ഇത്തരമൊരു അവബോധം നിർമ്മിച്ചെടുക്കുവാൻ നമുക്ക് കഴിയേണ്ടിയിരിക്കുന്നു. ആത്മാവ് ബോധം നഷ്ടപ്പെട്ടു പോവുകയും ആശ്രയിക്കേണ്ട ഇടങ്ങളെ കുറിച്ചുള്ള തിരിച്ചറിവ് ഇല്ലാതെ ആവുകയും ചെയ്യുമ്പോഴാണ് നമ്മുടെ കുറവുകളിൽ തന്നെ നമുക്ക് തുടരേണ്ടി വരുന്നത്.

ക്രിസ്തുവിന്റെ നീതിബോധത്തിന്റെ ചിത്രം

നീതി എന്ന പദം ബന്ധങ്ങളുടെ പശ്ചാത്തലത്തിൽ അടയാളപ്പെടുത്തേണ്ട ഒന്നാണ്. രണ്ടുപേർ തമ്മിലുള്ള ബന്ധത്തിൽ ഒരുവനിൽ നിന്ന് അപരൻ യുക്തിഭദ്രമായി ആഗ്രഹിക്കുന്നത് അവന് നൽകുവാൻ സാധിക്കുമെങ്കിൽ അവൻ നീതിയുള്ളവനാണ് എന്ന് പറയുവാൻ കഴിയും. കുഷ്ഠരോഗി കർത്താവിന്റെ സന്നിധിയിൽ നിന്ന് സൗഖ്യം എന്ന ദാനം ആഗ്രഹിക്കുന്നുണ്ട്. അയാൾ അത് കർത്താവിനോട് മുട്ടുകുത്തി ചോദിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ സൗഖ്യമാക്കുന്നതിന് മുൻപ് ആ മനുഷ്യനെ കൈനീട്ടി കർത്താവ് സ്പർശിക്കുകയാണ്. അയാൾ തന്നിൽ നിന്ന് സൗഖ്യമാഗ്രഹിച്ചപ്പോൾ അവൻ ചോദിക്കാതെ തന്നെ ആരും തൊടാത്തവനായ കുഷ്ഠരോഗിയെ തൊടുക കൂടെ ചെയ്യുന്ന കർത്താവ് നീതിബോധത്തിന്റെ വക്താവായി നിലകൊള്ളുകയാണ് . ആഗ്രഹിക്കുന്നതിലും അധികമായത് നൽകുന്ന ക്രിസ്തുവിൻറെ നീതിബോധത്തിന്റെ ചിത്രം ഇവിടെ തിളങ്ങി നിൽക്കുന്നു.

നമ്മുടെ ജീവിത വഴികളിലും ഈ നീതിബോധമുള്ളവരാകുവാൻ സാധിക്കുമോ എന്ന് നാം അന്വേഷിക്കണം നമ്മുടെ ബന്ധങ്ങളിലും കുടുംബങ്ങളിലും നമ്മിൽനിന്ന് നമ്മുടെ പ്രിയമുള്ളവർ ആഗ്രഹിക്കുന്നത് പലതും ഉണ്ടാകും ഇത് ലഭിക്കാതെ വരുമ്പോഴാണ് ജീവിതങ്ങൾ പലപ്പോഴും സംഘർഷഭരിതം ആകുന്നത്. യുക്തിഭദ്രമായി ആഗ്രഹിക്കുന്നതിനെ നിറവേറ്റി കൊടുക്കുന്ന നീതിബോധമുള്ളവരാകുവാൻ ഈ വേദഭാഗം നമ്മെയും ഉദ്ബോധിപ്പിക്കുന്നുണ്ട്.




പുസ്തകം

ഇടക്കാല വേദഗ്രന്ഥങ്ങളും സാഹിതീയ അധിനിവേശാനന്തര വായനയും

ഫാ. ജേക്കബ് മാത്യു കാരിച്ചാൽ

പ്രസാധകർ:
തിയോളജിക്കൽ ലിറ്ററേച്ചർ കൗൺസിൽ (ടി.എൽ.സി.), തിരുവല്ല





തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുക്കപ്പെട്ട നിരണം ഭദ്രാസനാംഗങ്ങളായ ജനപ്രതിനിധികളെ യൂഹാനോൻ മാർ ക്രിസോസ്റ്റമോസ് മെത്രാപ്പോലീത്താ ആദരിച്ചു. തഹസിൽദാർ ജോബിൻ കെ. ജോർജ് സമ്മേളനം ഉദ്ഘാടനം ചെയ്തു. മലങ്കര അസോസിയേഷൻ സെക്രട്ടറി ബിജു ഉമ്മൻ മുഖ്യ സന്ദേശം നൽകി. ഭദ്രാസന സെക്രട്ടറി ഫാ. അലക്സാണ്ടർ എബ്രഹാം, ഫാ. സി. വി. ഉമ്മൻ, റെജി ചാക്കോ, ബിനി ജെയിൻ, മത്തായി ടി. വർഗീസ്, ജോജി പി. തോമസ്, ഭദ്രാസന കൗൺസിൽ അംഗങ്ങളായ എബി തോമസ്, ജോ ഇലഞ്ഞിമൂട്ടിൽ, ജോൺ മാത്യു എന്നിവർ പ്രസംഗിച്ചു.

Church Calendar


I am willing; be clean

The Second Sunday of the Great Lent

(The Leper's Sunday. St. Luke 5:12–16, 4:40–41)

Philipose Ramban

(Jyothis Ashram, Abu Road, Rajasthan)



We are now entering the second week of the Fast, having journeyed through the past week via the experience of the Transformation. Through this period of fasting and abstinence, may we be able to triumph over Satan and all his hosts. Just as the Lord Jesus defeated Satan in the wilderness during His forty days of fasting and made him flee, we too must be able to overcome all the temptations that enter our lives during this Lenten season.

In the Sedra prayer of the Fast, we read: "O Lord, in our time of extreme need, he [Satan] approaches, demanding that we turn stones into bread, attempting to trap us through the cravings of the belly. At that time, by Your wise counsel, strengthen us to answer him: 'Man does not live by bread alone, but by every word that proceeds from the mouth of God.' When he prepares to make us fall through the temptation of greed, make us wise to reply: 'Get behind me, Satan; for you shall worship the Lord your God only, and Him only shall you serve.' When he dares to sow deceptive words of vain praise, give us the strength to show him the truth by answering: 'You shall not tempt the Lord your God.' O Lord, do not allow us to be caught by his wickedness. Grant that we may observe the Fast without boasting or pride."

Through pure prayers, prostrations, and spiritual hymns, may we launch spiritual weapons against him. May our bodies become tools fit for virtuous work. Through the Holy Spirit, may our spiritual lives be energized. May we rejoice in the lives and paths of Your saints. With this prayer, let us move forward in this Fast.

The second Sunday of the Great Lent is called the Sunday of the Leper. Today, we remember all those who are marginalized by society, the orphaned, the destitute, and those suffering from various incurable diseases. The Gospel portion is from St. Luke 5:12-16 and 4:40-41. The central theme is the event where Jesus Christ touches and heals a leper.

"If You are willing, You can make me clean."

The condition of a leper during the time of Jesus was truly pathetic. A leper was an outcast from both society and religious life. Leviticus chapters 14 and 15 describe how unclean a leper was considered and the procedures for their purification. No Jew would dare to touch a leper, for the person who touched them would also become "unclean." It is in this context that Jesus Christ says, "I am willing," and touches the leper to heal him.

Leprosy is a symbol of a horrific state- physically, mentally, spiritually, socially, and religiously.

Physically: Leprosy is a clear example of physical decay. A leper's cells are dying every day. To a person experiencing this "living death," the Lord Jesus gives life through a direct touch. This makes it clear that God has power over every death-like situation.

Mentally: The leper represents those who are most broken mentally. Even if he is innocent, he receives no companionship. He lives as one abandoned and rejected by everyone. However, the Lord Jesus reaches out to him, defying all social and religious norms of that time, and recognizes his personhood by touching him.



Spiritually: This leper is also a sign of spiritual sickness. When leprosy strikes, one loses the sense of touch. Similarly, those in a state of spiritual illness lose their ability to respond. As it says in Matthew 13:14: "You will indeed hear but never understand, and you will indeed see but never perceive. For this people's heart has grown dull."

The Lord desires to bless those who have eyes but do not see, and ears but do not hear, with His touch. If we say from the depths of our soul, "Lord, if You are willing, You can make me clean," God will say to us, "My son/daughter, I am willing to make you clean," and He will purify us.

The Lord embraces those who are marginalized and subjected to inequality through no fault of their own. Let our touch, our presence, and our interventions help those who are isolated and cast out by society to move from the thought of "I have no one" to the positive thought of "I have everyone and everyone needs me."

Tell No One

The first instruction Jesus gave to the man who was healed was: "Tell no one." The inner meaning of this command was likely to prevent people from misunderstanding His healing ministry. He did not want them to see Him merely as a physical healer and flock to Him only for worldly benefits or the fulfillment of personal needs.

How do we approach Christ today? We must be careful not to degrade ourselves into followers who seek Him only for personal gain or the achievement of specific tasks.

Show Yourself to the Priest

When a person lived as a leper, they were kept outside the camp. Later, it was the Priest who decided if the person and their home had become clean. According to Leviticus 14:19-20

"The priest shall offer the sin offering and make atonement for the one to be cleansed from their uncleanness. After that, the priest shall slaughter the burnt offering and offer it on the altar, together with the grain offering, and make atonement for them, and they will be clean."

This is why Jesus commanded him: "Go, show yourself to the priest and offer the sacrifices that Moses commanded, as a testimony to them." By doing this, Jesus was restoring the man's social and religious freedom. Only by performing the purification rites and obtaining an official "certificate" from the priest could he re-enter society.

Here, Jesus upholds the Jewish laws. The healing was also a sign that Jesus is the coming Messiah. Furthermore, it clarifies that no one is above the law and that we must all live in obedience to established discipline.

He Withdrew to Solitary Places

As a result of the healing, Jesus' fame increased greatly. When the leper went to the priest to confirm his healing, the news likely became public, causing Jesus' popularity to surge.

It is a sublime example: even when His fame grew and crowds approached Him, Jesus withdrew to solitary places to pray. In today's world, where everyone hungers for fame and follows the lure of social media and publicity, modern religious leaders and believers should follow this example of Christ. Humans often try to magnify their own glory through cheap methods. Instead, we must be able to recognize the glory of God's grace.

Conclusion

Jesus becomes the voice of those isolated from society. By touching and healing the leper, He brushed aside the superstitions and wrong laws that existed until then. He proved that the Messiah came to embrace those who are cast out.

We must be able to listen to and comfort those struggling with physical ailments and the 'disease of sin.' Through our actions, we should be able to rescue those drowning in the depths of sin's slavery and bring them back. If we find ourselves filled with the "leprosy of sin," the Lord says to us too: "I am willing; be clean." Hearing these words, let us purify ourselves. ❑



ആലുവാ തൃക്കുന്നൂത്ത് സെമിനാരിയിൽ ശുബ്ക്കോനോ ശുശ്രൂഷകൾക്ക് അങ്കമാലി ഭദ്രാസന മെത്രാപ്പോലീത്താ യുഹാനോൻ മാർ പോളികാർപ്പോസ് മുഖ്യകാർമ്മികത്വം വഹിച്ചു.



28-ാമത് മാവേലിക്കര ഓർത്തഡോക്സ് കൺവൻഷൻ സണ്ടേസ്കൂൾ അധ്യാപക-വിദ്യാർത്ഥി സംഗമം എബ്രഹാം മാർ എഫിഫാനിയോസ് ഉദ്ഘാടനം ചെയ്യുന്നു.



പുത്തൂരിലെയും സമീപ പ്രദേശങ്ങളിയും ഇടവകകൾ സംയുക്തമായി പുത്തൂർ സെന്റ് ജോർജ് ഇംഗ്ലിഷ് മീഡിയം സ്കൂൾ അങ്കണത്തിൽ സംഘടിപ്പിച്ച പുത്തൂർ കൺവൻഷൻ സമാപിച്ചു. ഡോ. ജോസഫ് മാർ ദിവന്നാസിയോസ് മെത്രാപ്പൊലീത്താ വചനശുശ്രൂഷ നിർവഹിച്ചുകൊണ്ട് സമാപന സന്ദേശം നൽകി.

നോമ്പ്

"ക്രിസ്തീയ സമൂഹത്തിന്റെ സംരക്ഷണത്തിനും ആത്മീയ വളർച്ചക്കും വേണ്ടി, അനുതാപത്തിന്റെയും പ്രാർത്ഥനയുടെയും സമയമായി, സഭ മുഴുവൻ ഒരുമിച്ചു ദൈവ മുമ്പാകെ വരുവാനുള്ള സമയമാണ് നോമ്പ്.

നോമ്പ് ദിവസങ്ങളിൽ മൽസ്യ-മാംസ വർജ്ജനം മാത്രമല്ല ഭക്ഷണവും പാനീയവും കൂടാതെ സന്ധ്യവരെയോ, സാധ്യമല്ലെങ്കിൽ 3 മണിവരെയോ ഉപവസിക്കുക എന്നുള്ളതാണ് സഭ അനുശാസിക്കുന്നത്. അത് ജോലിക്കാരായ അൽമായാർക്ക് പലപ്പോഴും പ്രയാസമാണെന്നുള്ളത് നിസ്തർക്കം തന്നെ.

സഭയുടെ പാരമ്പര്യമനുസ്സരിച്ച് ഏറ്റവും പഴയ നോമ്പുകൾ ബുധനാഴ്ചയും വെള്ളിയാഴ്ചയും ഉള്ളതാണ്. അത് കഴിഞ്ഞാൽ പഴക്കം കൂടുതൽ ഉള്ളത് വലിയ നോമ്പിനാണ്. അപ്പോസ്തോലിക കാനോന 69 ഇങ്ങനെ പറയുന്നു:

'ഏതെങ്കിലും ഒരു എപ്പിസ്കോപ്പയോ, കശീശായോ, ശെമ്മാശ്ശനോ, കോറൂയോയോ, മെസ്മെറോനോയോ ഉയിർത്തെഴുന്നേൽപ്പിന്റെ പരിശുദ്ധ 40 ദിവസത്തെ നോമ്പോ, ആഴ്ചവട്ടത്തിലെ നാലാം ദിവസമോ (ബുധനാഴ്ച) ഒരുക്ക ദിവസമോ (വെള്ളിയാഴ്ച) നോമ്പായി അനുഷ്ഠിക്കാതിരുന്നാൽ, ഏതെങ്കിലും ശരീര രോക മൂലമല്ലെങ്കിൽ, അയാളെ സ്ഥാനത്തു നിന്നും നീക്കണം. അല്മായക്കാരനാണെങ്കിൽ മുടക്കണം."

- ഡോ പൗലോസ് മാർ ഗ്രീഗോറിയോസ്

(എഡിറ്റോറിയൽ, പുരോഹിതൻ ത്രൈമാസിക, മെയ്-ജൂലായ്, 1988)

അവസാനത്തിൽ, പരുക്കും പരിഗണനയും ക്രിസ്തുവിൽ സംഗമിക്കുന്നു. അവൻ പരുക്കേറ്റ ദൈവപുത്രൻ; പരിഗണനയുടെ പരമാവധി. അവന്റെ മുറിവുകളിൽ മനുഷ്യന്റെ പ്രത്യാശ വിരിഞ്ഞിരിക്കുന്നു. കുരിശിന്റെ നിഴലിൽ നിന്നാണ് മനുഷ്യഹൃദയത്തിന്റെ സുഖം ആരംഭിക്കുന്നത്.



പരുക്കും പരിഗണനയും

ഫാ. അജീഷ് ബാബു

'കലാച്ചി' എന്ന നോവലിൽ ഒരു തെറ്റും ചെയ്യാതെ 15 വർഷം ജയിലിനുള്ളിൽ ജീവിക്കേണ്ടി വന്ന ഇജാസ് എന്ന കഥാപാത്രം ജയിലിൽ നിന്ന് പുറത്തിറങ്ങിയതിനു ശേഷം ആളുകൾ പല സാഹചര്യത്തിൽ തന്നോട് സംസാരിക്കുമ്പോൾ അതിനോട് പ്രതികരിക്കുന്നത് ഇങ്ങനെയാണ്.

"മനുഷ്യരുടെ സുഖവും ദുഃഖവും ഓരോ തോന്നൽ അല്ലേ?'

'ചിലർ ചെറുചട്ടിയിൽ മരം നടാറില്ലേ? ഉള്ള സ്ഥലത്ത് ഉള്ളതു വച്ച് അതു വളരും.',

"പുറത്തെ ലോകവും തടവറയാണ്, ഉമ്മീ. സൂക്ഷിച്ചു നോക്കിയാൽ അഴികൾ കാണാം."

മനുഷ്യജീവിതം പലപ്പോഴും പരുക്കുകളുടെ ഒരു മൗനചരിത്രമാണ്. ചിലത് ശരീരത്തിൽ കാണാം; ചിലത് ആത്മാവിന്റെ ആഴങ്ങളിൽ മറഞ്ഞിരിക്കും. കണ്ണിന് ദൃശ്യമായ മുറിവുകൾക്ക് മരുന്നും ബാൻഡേജും കിട്ടും. എന്നാൽ കാണാൻ കഴിയാത്ത പരുക്കുകൾ വാക്കുകളുടെ മൂർച്ചയിൽ പിളർന്ന ഹൃദയം, അവഗണനയിൽ പൊളിഞ്ഞ ആത്മവിശ്വാസം, വിശ്വാസവഞ്ചനയിൽ തകർന്ന ആത്മാവ് ഇവയ്ക്ക് ആവശ്യം മരുന്നല്ല, പരിഗണനയാണ്.

പരുക്ക് ഒരു അനുഭവമാണ്; പരിഗണന ഒരു പ്രതികരണമാണ്. പരുക്ക് മനുഷ്യന്റെ ദൗർബല്യത്തെ തുറന്നു കാട്ടുന്നു; പരിഗണന മനുഷ്യന്റെ മഹത്വത്തെ വെളിപ്പെടുത്തുന്നു. ഒരാൾ വീണുകിടക്കുമ്പോൾ, അവനെ ഉയർത്തുന്ന കൈയിൽ ദൈവത്തിന്റെ കരുണ സ്പർശിക്കുന്നു. കാരണം, പരിഗണന ദൈവിക ഗുണമാണ്. "തകർന്ന ഹൃദയങ്ങളെ സുഖപ്പെടുത്തുന്നവൻ" എന്ന ദൈവത്തിന്റെ വിശേഷണം, മനുഷ്യൻ അനുസരിക്കേണ്ട ഒരു മാതൃകയാണ്.

പരുക്കുകൾ പലപ്പോഴും നമ്മെ ഒറ്റപ്പെടുത്തുന്നു. വേദനയിൽ മനുഷ്യൻ തന്റെ ഉള്ളിലേക്ക് ചുരുങ്ങുന്നു. എന്നാൽ പരിഗണന അതിനെ മറികടക്കുന്നു. ഒരാളുടെ വേദനയെ സ്വന്തം വേദനയായി ഏറ്റെടുക്കുന്ന നിമിഷം, സമൂഹം ഒരു കുടുംബമായി മാറുന്നു. സ്നേഹത്തിന്റെ യഥാർത്ഥ പരീക്ഷണം അതാണ് സുഖസമയങ്ങളിൽ കൈകോർക്കൽ അല്ല, ദുരിതസമയങ്ങളിൽ ചേർന്നുനിൽക്കലാണ്. പരിഗണനയ്ക്ക് വലിയ വാക്കുകൾ ആവശ്യമില്ല. ചിലപ്പോൾ ഒരു നിശ്ശബ്ദ സാന്നിധ്യം മതിയാകും. ഒരു കേൾക്കുന്ന ചെവി, ഒരു ആശ്വാസവാക്ക്, ഒരു സഹനനോട്ടം ഇവ പരുക്കുകളെ സുഖപ്പെടുത്തുന്ന കൃപാസ്പർശങ്ങളാണ്. ലോകം വേഗത്തിൽ മുന്നേറുമ്പോൾ, മനുഷ്യൻ മറക്കുന്നത് മറ്റൊരാളുടെ വേദന കാണാൻ നിൽക്കലാണ്. അതുകൊണ്ടാണ് ഇന്നത്തെ കാലഘട്ടത്തിൽ പരിഗണന ഒരു അപൂർവ ഗുണമായി തോന്നുന്നത്.

എന്നാൽ ഒരു സത്യവും ഉണ്ട്: പരുക്കേറ്റവനായി ജീവിച്ചവനാണ് പരിഗണനയുടെ വില മനസ്സിലാക്കുന്നത്. സ്വന്തം മുറിവുകൾ അവനെ കരുണാപൂർണ്ണനാക്കുന്നു. വേദനയെ അതിജീവിച്ചവന്റെ കണ്ണിൽ മറ്റൊരാളുടെ കണ്ണുനീർ അന്യമായിരിക്കില്ല. അതുകൊണ്ട് തന്നെ, പരുക്കുകൾ നമ്മെ കടുപ്പിക്കാനല്ല കരുണയുള്ളവരാക്കാനാണ്.

മനുഷ്യജീവിതത്തിന്റെ സൗന്ദര്യം പരുക്കുകൾ ഇല്ലാത്തതിൽ അല്ല. പരുക്കുകൾക്ക് പരിഗണന ലഭിക്കുന്നതിലാണ്. മുറിവുകൾ നമ്മെ ദുർബലരാക്കാം; എന്നാൽ പരിഗണന നമ്മെ ദൈവസദൃശരാക്കുന്നു. ഒരാളുടെ വേദനയുടെ അരികിൽ നിൽക്കാൻ നമുക്ക് കഴിയുന്ന നിമിഷത്തിലാണ് സ്നേഹം ദൃശ്യമായിത്തീരുന്നത്.

കുരിശിന്റെ നിഴലിൽ നിൽക്കുന്ന മനുഷ്യൻ ഒരു സത്യം പഠിക്കുന്നു: പരുക്കേറ്റവനായി ജീവിക്കുന്നത് ദൗർബല്യമല്ല; പരിഗണന നൽകുന്നവനായി ജീവിക്കുന്നതാണ് മഹത്വം.

ക്രിസ്തു പഠിപ്പിച്ചത്, പരുക്കുകൾ ഒഴിവാക്കാനാവില്ല, പരിഗണന നൽകാം. ഒരു നല്ല ശമര്യന്റെ ഉപമയിൽ അവൻ പറഞ്ഞു വഴിയരികിൽ കിടക്കുന്നവനെ കണ്ടപ്പോൾ കടന്നുപോകുന്നത് മതപരതയല്ല; നിൽക്കുകയും കരുതലോടെ കൈതാങ്ങാവുകയും ചെയ്യുന്നതാണ് ദൈവഹൃദയം. പരിഗണന വിശ്വാസത്തിന്റെ ജീവൻ ആണ്.

ക്രിസ്തുവിന്റെ പുനരുത്ഥാനം ആത്മീയ സന്ദേശവുമാണ് പരുക്കുകൾ അവസാന വാക്കല്ല. മുറിവുകൾക്ക് ശേഷവും ജീവൻ ഉണ്ട്. കുരിശിന്റെ മുറിവുകൾ മഹത്വത്തിന്റെ അടയാളങ്ങളായി. തോമസിന് തന്റെ മുറിവുകൾ കാണിച്ച ക്രിസ്തു, പരുക്കുകൾ മറച്ചുവെച്ചില്ല; അവയെ സാക്ഷ്യങ്ങളാക്കി. ലോകം പരുക്കുകളാൽ നിറഞ്ഞിരിക്കുന്നു യുദ്ധങ്ങൾ, അന്യായങ്ങൾ, കുടുംബവിച്ഛേദങ്ങൾ, ഉള്ളറവേദനകൾ. ലോകത്ത് ക്രിസ്തുവിന്റെ അനുയായികൾ, അവന്റെ പരിഗണനയുടെ പ്രതിബിംബങ്ങളാകണം. നമ്മുടെ കൈകൾ ആശ്വാസത്തിന്റെ കൈകളായിരിക്കണം; വാക്കുകൾ കരുണയുടെ ഭാഷയായിരിക്കണം; സാന്നിധ്യം സുഖപ്പെടുത്തുന്ന സാന്നിധ്യമായിരിക്കണം.

അവസാനത്തിൽ, പരുക്കും പരിഗണനയും ക്രിസ്തുവിൽ സംഗമിക്കുന്നു. അവൻ പരുക്കേറ്റ ദൈവപുത്രൻ; പരിഗണനയുടെ പരമാവധി. അവന്റെ മുറിവുകളിൽ മനുഷ്യന്റെ പ്രത്യാശ വിരിഞ്ഞിരിക്കുന്നു. കുരിശിന്റെ നിഴലിൽ നിന്നാണ് മനുഷ്യഹൃദയത്തിന്റെ സുഖം ആരംഭിക്കുന്നത്. ഇനി സ്വയം മനനം ചെയ്യേണ്ടത്, ഇടക്ക് മനസ്സും ശരീരവും വല്ലാതെ തളർന്നുചലനമറ്റ ശരീരം പോലെ ഏകനായി ഇരിക്കാറുണ്ട്..

ചിന്തകളും സ്വപ്നങ്ങളും എല്ലാം ചിതലരിച്ച ഒരു മനുഷ്യനെ ഞാൻ അവിടെ കണ്ടു അതിന് എന്റെ മുഖഛായ ആയിരുന്നു..

"നിസാം സാബ്, ഒരു കാര്യം അറിയാമോ? ജയിലിൽ എനിക്കേറ്റവും മിസ് ചെയ്തതു കുഞ്ഞുങ്ങളെയാണ്. പതിനഞ്ചു കൊല്ലമായി, ഞാനൊരു കുഞ്ഞിന്റെ കണ്ണിൽ നോക്കിയിട്ടും കൈയിൽ തൊട്ടിട്ടും." (കലാച്ചി).

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH



നിലയ്ക്കൽ ഭദ്രാസന വൈദിക യോഗവും ശുബുക്കോനോ ശുശ്രൂഷയും പുഞ്ചവയൽ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ നടന്നു.



കുട്ടിക്കാനം മാർ ബസേലിയോസ് ക്രിസ്ത്യൻ കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ സ്ഥാപക ദിനാചരണത്തോടനുബന്ധിച്ച് അലുമ്നി അസോസിയേഷൻ സംഘടിപ്പിച്ച സ്മാരക പ്രഭാഷണവും എക്സലൻസ് അവാർഡ് വിതരണച്ചടങ്ങും മിനി ഓഡിറ്റോറിയത്തിൽ നടന്നു. ചടങ്ങിൽ കോളജ് ഡയറക്ടർ ഡോ. ഉമ്മൻ മമ്മൻ സ്വാഗതപ്രസംഗം നടത്തി. സഖറിയ മാർ സെവേറിയോസ് മെത്രാപ്പോലീത്ത അധ്യക്ഷ പ്രസംഗം നിർവഹിച്ചു.

പുസ്തകം



തഥാഗതന്റെ വഴി

'ഒരു നിലയ്ക്ക് അധ്യാപകനെ പോലെ തന്നെ ഒരു കരയിൽ നിന്നും മറ്റൊന്നിലേക്കു ഒരാളെ കൊണ്ടെത്തിക്കുന്നത് പോലെയുള്ള തൊഴിൽ അല്ലേ, ഒരു തോണിക്കാരന്റേതും...' – തപോമയിയുടെ അച്ഛൻ.

സർവ്വാദരണീയനായ ഗുരുനാഥൻ ഡോ. ജേക്കബ് കുര്യൻ അച്ചന്റെ നോമ്പുകാല ധ്യാന സമാഹാരത്തിന്റെ ശീർഷകം 'വചനത്തിന്റെ നയമ്പ്' ഓർമ്മയിലുണർത്തിയത് മേലെഴുതിയ വരികളാണ്...

പഴയ സെമിനാരി എന്ന ആത്മവിദ്യാലയത്തിലെ ഗുരുസാന്നിധ്യമായി നിന്ന് ജീവിതത്തിന്റെ മറുകര/ other side കണ്ടെത്തലിന്റെ വേദമോതിയ വന്ദ്യാചാര്യന്റെ കുറിപ്പുകളെ പരാമർശിച്ച് ഒരു വാക്ക് എഴുതാൻ ഈയുള്ള എളിയ ശിഷ്യൻ ധൈര്യപ്പെടുന്നില്ല...

പക്ഷേ, ഒന്നുറപ്പാണ്. അന്നും ഇന്നും വാക്കിൽ വെളിച്ചം ഒളിപ്പിക്കുന്ന പ്രിയ അച്ചൻ തുറന്നുവെക്കുന്ന വായനാപഥം സത്യ വെളിച്ചത്തിലേക്ക് ഉള്ള ഒരു ക്ഷണം തന്നെയാണ്... അതുകൊണ്ട് മാത്രമാണ് ഇത്തരം കൃതികൾ സുവിശേഷത്തിന് തന്നെ തുടർച്ചയാകുന്നത്...

ആദരവോടെ...

– സഖറിയാ മാർ സേവേറിയോസ്



ഈ വർഷത്തെ വലിയനോമ്പ് ക്രെയോലന്റ് (Creolent) ആയി ആചരിക്കുവാൻ പരിസ്ഥിതി കമ്മീഷൻ

പത്തനാപുരം: മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ പരിസ്ഥിതി കമ്മീഷൻ ഈ വർഷത്തെ വലിയ നോമ്പ് ക്രെയോലന്റ് (CREOLENT) അഥവാ Creation Lent ആയി ആചരിക്കുവാൻ ആഹ്വാനം ചെയ്തു.


ദൈവസൃഷ്ടികളുമായുള്ള മനുഷ്യന്റെ ബന്ധത്തിൽ ഒരു പുനരന്വേഷണത്തിന്റെയും പുതുക്കത്തിന്റെയും അനുഭവം സാധ്യമാക്കി, പ്രകൃതിയോടും മറ്റു ജീവജാലങ്ങളോടും ഉള്ളതായ നമ്മുടെ ഇടപെടലുകളിൽ ഒരു മാനസാന്തരത്തിന്റെ അവസ്ഥ നോമ്പ് ജീവിതം വഴിയും ഉണ്ടാകേണ്ടതുണ്ട് എന്ന ബോധ്യത്തിലാണ് ക്രെയോലന്റ് എന്ന ആശയം മുന്നോട്ട് വയ്ക്കുന്നത്.

പത്തനാപുരം മൗണ്ട് താബോർ ദയറായിൽ വച്ച് നടന്ന മീറ്റിങ്ങിൽ പരിസ്ഥിതി കമ്മീഷന്റെ പ്രസിഡന്റായ ഡോ. ജോസഫ് മാർ ദിവന്നാസിയോസ് ക്രെയോലന്റ് എന്ന ആശയത്തിന്റെ പ്രചരണാർത്ഥം ഒരു ലോഗോ പ്രകാശനം ചെയ്തു. വലിയ നോമ്പിലെ ഓരോ ആഴ്ചയിലേക്കും ഓരോ പ്രമേയങ്ങളും അതിനോടനുബന്ധിച്ച് നടത്തേണ്ടതായ പ്രവർത്തനങ്ങളുടെ മാതൃകയും അദ്ദേഹം വിശദീകരിച്ചു. പരിസ്ഥിതി കമ്മീഷന്റെ കമ്മിറ്റി അംഗങ്ങളും ഭാരവാഹികളും മീറ്റിംഗിൽ സംബന്ധിച്ചു.

ഇന്ത്യാ ഗവൺമെന്റിന്റെ ആസൂത്രണ കമ്മീഷന്റെ കീഴിൽ, ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ദേശീയ വികസന ഏജൻസിയായ ഭാരത് സേവ സമാജ് ഏർപ്പെടുത്തിയ ദേശീയ ഭാരത് സേവക് പുരസ്കാരം ഫാ. ബെന്യാമിൻ ശങ്കരത്തിലിന് ലഭിച്ചു. കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ ഏഴക്കരനാട് സെന്റ് ജോസഫ് ഓർത്തഡോക്സ് പള്ളി വികാരിയാണ്.



ഡോ. ജോൺസൻ ജോസഫിന് "ശ്രേഷ്ഠ ഭാരത് അവാർഡ്"



ഭാരതീയ ദളിത് സാഹിത്യ അക്കാദമി ചേർത്തല ലയൻസ് ക്ലബ് ഹാളിൽ വച്ച് സംഘടിപ്പിച്ച "ഭരണഘടന സംരക്ഷണ സമ്മേളനം" പരിപാടിയിൽ "ശ്രേഷ്ഠ ഭാരത് പുരസ്കാരം 2026" ഡോ. ജോൺസൻ ജോസഫിന് ലഭിച്ചു. സാമൂഹിക സാംസ്കാരിക ജീവകാരുണ്യ പ്രവർത്തനങ്ങളെ മുൻനിർത്തി 36-ാമത് അവാർഡ് ആണ് ഡോ. ജോൺസൻ ജോസഫിന് ലഭിച്ചത്.

എറണാകുളം പാലാരിവട്ടം സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി ഇടവക അംഗമാണ്. പള്ളിപ്പാട് സെന്റ് ജോർജ് ഓർത്തഡോക്സ് കാതോലിക്കേറ്റ് സിംഹാസനപള്ളിയാണ് മാതൃ ഇടവക.